നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# രാഷ്ട്രപതിഭവന്ന് പുതിയ ചൈതന്യം



ഇന്ത്യയുടെ പതിമൂന്നാം രാഷ്ട്രപതി പ്രതിഭാ പാട്ടീൽ

124

ആഗസ്റ്റ് 2007

# വനിതാ പ്രശ്നങ്ങൾക്ക് ജാഗ്രതാസമിതികൾ

സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പെട്ടെന്ന് പരിഹാരമുണ്ടാക്കാൻ സാധിക്കുന്നതിന്നായി പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽതന്നെ ജാഗ്രതാസമിതികൾ സംഘടിപ്പിക്കാൻ കേരള ഗവർമ്മേണ്ട് തീരുമാനിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് ഗവർമ്മേണ്ട് ജൂൺ 23ന്ന് ഒരു കല്പന പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ ജാഗ്രതാസമിതികൾ സംസ്ഥാന വനിതാകമ്മീഷന്റെ കണ്ണും കാതുമായി പ്രവർത്തിക്കും. ഇപ്പോൾ സ്ത്രീകളുടെ എല്ലാവിധ പരാതികളും വനിതാകമ്മീഷനാണ് സമർപ്പിക്കേണ്ടത്. വനിതാകമ്മീഷന്റെ ജോലിഭാരം കൂടുന്നതിന്നുപുറമെ, പരാതികൾക്ക് പരിഹാരമുണ്ടാക്കാൻ കാലതാമസം വരുന്നുമുണ്ട്.

സ്ത്രീകളുടെ പല പ്രശ്നങ്ങൾക്കും പ്രാദേശികതലത്തിൽതന്നെ പരിഹാരമുണ്ടാക്കാൻ കഴിയും. എന്നാൽ ഇപ്പോൾ അതിന്നുസംവിധാനമില്ല. തന്മൂലം നിസ്സാര പരാതികൾപോലും വനിതാകമ്മീഷന്റെ തീരുമാനത്തിന്നു സമർപ്പിക്കേണ്ടതായിവരുന്നു.

ഗുരുതരമല്ലാത്ത പ്രശ്നങ്ങൾ പ്രാദേശിക തലത്തിൽതന്നെ കൈകാര്യം ചെയ്യാൻ ഏർപ്പാടുണ്ടാക്കണമെന്ന് സംസ്ഥാനവനിതാകമ്മീഷൻ കുറെ മുമ്പ് ഗവർമ്മേണ്ടിനോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ചാണ് ഗവർമ്മേണ്ട് ഇപ്പോൾ പഞ്ചായത്ത്/ മുനിസിപ്പൽ തലത്തിൽ ജാഗ്രതാസമിതി രൂപീകരിക്കാൻ കല്പന നൽകിയിരിക്കുന്നത്.

പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന ജാഗ്രതാസമിതിയുടെ പ്രസിഡണ്ട് പഞ്ചായത്ത് പ്രസിഡണ്ട്തന്നെയായിരിക്കും. പഞ്ചായത്തിലെ ഒരു വനിതാമെമ്പറടക്കം ഒമ്പതംഗങ്ങളുള്ളതായിരിക്കും ജാഗ്രതാസമിതി. ആ പ്രദേശത്തെ പോലീസ് സബ്ബിൻസ്പെക്ടർ, പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർ എന്നിവരും അതിൽ അംഗങ്ങളായിരിക്കും. ജില്ലാ പഞ്ചായത്ത് തലത്തിലും ജാഗ്രതാസമിതി രൂപീകരിക്കും. ജാഗ്രതാസമിതികൾക്ക് നിയമോപദേശം നൽകാൻ ലീഗൽ കമ്മിറ്റികൾ സംഘടിപ്പിക്കുകയും ചെയ്യും.

ആറു പഞ്ചായത്തുകളിൽ നടത്തിയ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് ഗവർമ്മേണ്ട് ഈ ജാഗ്രതാസമിതികളുടെ ഘടനക്ക് രൂപം നൽകിയിരിക്കുന്നത്.

ജനനീതി

ആഗസ്റ്റ് 2007
**124**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# രാഷ്ട്രപതിഭവനിൽ ഒരു വനിതാക്ഷേമ പ്രവർത്തക

പ്രതിഭാപാട്ടീലിന്റെ രാഷ്ട്രപതി സ്ഥാനാരോഹണം ഇന്ത്യയിലെ സ്ത്രീകൾക്ക് അഭിമാനകരമായ ഒരു മുഹൂർത്തമാണ്.

ബാല്യത്തിൽ അഛനും യൗവനത്തിൽ ഭർത്താവും വാർധക്യത്തിൽ പുത്രനും സ്ത്രീയെ പരിപാലിക്കണമെന്ന സിദ്ധാന്തം ആഴത്തിൽ വേരൂന്നിയ ഒരു നാടാണ് നമ്മുടേത്. അനേകം സ്ത്രീകളിവിടെ മഹാസാരഥികളായിട്ടുണ്ടെങ്കിലും, മൊത്തത്തിൽ പറഞ്ഞാൽ, പുരുഷാധിപത്യം നിലനിൽക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. സ്ത്രീകൾക്ക് വിത്തവും വിദ്യയും തദ്വാരാ അധികാരവും നിഷേധിക്കപ്പെട്ടതാണ് ഈ ദു:സ്ഥിതിക്ക് കാരണം. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഈ സ്ഥിതിക്ക് മാറ്റം വന്നിട്ടുണ്ട്. സ്ത്രീകൾക്ക് ഇന്ന് എല്ലാ മണ്ഡലങ്ങളിലും സമത്വം അനുവദിക്കുന്നു; അവർക്ക് വിദ്യാഭ്യാസത്തിന്ന് അവസരം ലഭിക്കുന്നുണ്ട്; നിയമപരമായിതന്നെ അവർക്ക് സ്വത്തവകാശവും കൈവന്നിരിക്കുന്നു.

പക്ഷെ നിയമപരമായി കൈവന്ന ഈ സമത്വം പ്രായോഗിക തലത്തിലേക്ക് കിനിഞ്ഞിറങ്ങാൻ ഒരു നൂറ്റാണ്ടെങ്കിലും വേണ്ടിവരും. ഒരു സമൂഹത്തിന്റെ യാഥാസ്ഥിതിക ചിന്താഗതി മാറ്റുക എളുപ്പമല്ല. സ്വാതന്ത്ര്യം നേടി 60 കൊല്ലം കഴിഞ്ഞിട്ടും നമ്മുടേത് ഒരു പുരുഷാധിപത്യ സമൂഹമാണെന്നതിന്റെ ഏറ്റവും നല്ല തെളിവ് പാർലിമെന്റിൽ പൂത്തുകിടക്കുന്ന വനിതാസംവരണബില്ലാണ്.

കവർസ്റ്റോറി

# ഇന്ത്യൻ രാഷ്ട്രീയത്തിലെ വനിതാസാരഥികൾ

**- സാബ നഖ്‌വി ഭൗമിക് -**

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അറുപതുകൊല്ലം കഴിഞ്ഞ ഇന്ന് ഇന്ത്യയിലെ രാഷ്ട്രീയരംഗം വനിതകളാൽ തിളങ്ങുന്നു. ഒന്നാമത് സോണിയാ ഗാന്ധി - കഴിഞ്ഞ മൂന്നുകൊല്ലമായി ദൽഹി അടക്കിവാഴുന്നത് സോണിയയാണ്. ഈയിടെ മായാവതി പ്രതിബന്ധങ്ങളെല്ലാം തവിടുപൊടിയാക്കി രംഗത്ത് ചാടിവീണു - വലുപ്പംകൊണ്ട് ലോകത്തിലെ മിക്കരാജ്യങ്ങളേക്കാളും വലിയ ഉത്തരപ്രദേശിന്റെ മുഖ്യമന്ത്രിയാണവർ. ഇപ്പോഴിതാ, ഇന്ത്യയുടെ, ഒന്നാമത്തെ വനിതാ രാഷ്ട്രപതിയായി പ്രതിഭാപാട്ടീലും. സ്ത്രീകൾ ചങ്ങലക്കെട്ടുകളെല്ലാം പൊട്ടിച്ച് രാഷ്ട്രീയ രംഗം കയ്യടക്കി എന്നാണോ ഇതിന്നർത്ഥം?

അങ്ങനെ പറയാനാവില്ല. അല്പം ചില സ്ത്രീകളെ മാറ്റി നിർത്തിയാൽ, ഇന്ത്യൻ രാഷ്ട്രീയം ഇന്നും പുരുഷന്മാരുടെ വിഹാര രംഗമാണ്. ചില പഴയ രാജകുടുംബാംഗങ്ങൾക്കുപുറമെ ജയലളിത, മമത ബാനർജി, ഉമാഭാരതി, മായാവതി എന്നിവർ മാത്രമാണ് സ്വപ്രയത്നത്തിലൂടെ, സ്വന്തം ശേഷിയൊന്നുകൊണ്ടുമാത്രം, രാഷ്ട്രീയരംഗത്ത് കാലുറപ്പിച്ചിട്ടുള്ള സ്ത്രീകൾ. പ്രതിഭാ പാട്ടീലും ഈ ഗണത്തിൽപ്പെടും. എന്നാൽ പഴയ രാഷ്ട്രീയ ചക്രച്ചാലിൽകൂടി സഞ്ചരിച്ച് വളർന്നുവന്നവരാണവർ. പോരെങ്കിൽ, രാഷ്ട്രപതി സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടവരിൽ ഒരാളുടെ കാര്യത്തിലും അഭിപ്രായൈക്യമില്ലെന്നുവന്നപ്പോൾ, ആ പദവിയിൽ പ്രതിഭയെ പിടിച്ചിരുത്തുകയാണുണ്ടായത് - അതായത് വെറും പൂച്ചഭാഗ്യം.

ലോകസഭയിലും നിയമസഭകളിലും വനിതാ പ്രാതിനിധ്യം ഇപ്പോഴും ശുഷ്കമാണ്. ഒന്നാം ലോകസഭയിൽ 22 സ്ത്രീകളുണ്ടായിരുന്നു. അറുപതു കൊല്ലത്തെ ജനാധിപത്യ വാഴ്ചക്കുശേഷവും 545 ലോകസഭാഗങ്ങളിൽ 48 പേർ മാത്രമാണ് സ്ത്രീകൾ. അവസരം ലഭിച്ചാൽ സ്ത്രീകൾ രാഷ്ട്രീയത്തിലും തിളങ്ങുമെന്ന കാര്യത്തിൽ സംശയമില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ സംവരണമുള്ളതിനാൽ ആകെയുള്ള 30 ലെങ്ങും സ്ത്രീകളിപ്പോൾ സജീവമായി പൊതുരംഗത്തെത്തിയിട്ടുണ്ട്. ഇന്ന് ഭരണചക്രം തിരിക്കുന്ന മുപ്പത് ലക്ഷം പേരിൽ പത്തുലക്ഷം പേർ സ്ത്രീകളാണ്. ഈ പത്തുലക്ഷത്തിൽനിന്ന് പതിനായിരം പേരെങ്കിലും രാഷ്ട്രീയ നേതൃത്വ മണ്ഡലത്തിലേക്ക് ഉയർന്നുവന്നാൽ, അവരിലൊരു പത്തുപേരെങ്കിലും നാളെ പ്രതിഭാപാട്ടീൽമാരാകാതിരിക്കില്ല. അതിന്നു പ്രചോദനമേകാൻ പ്രതിഭാപാട്ടീലിന്റെ രാഷ്ട്പതി സ്ഥാനാരോഹണത്തിന്ന് കഴിയുമെന്ന് കരുതാം. ❑

---

നാല്പതുകൊല്ലം മുമ്പുതന്നെ ഒരു സ്ത്രീ പ്രധാനമന്ത്രി പദത്തിലെത്തിയ ഒരു നാട്ടിൽ, ഒരു സ്ത്രീ രാഷ്ട്രപതിയാകുന്നതിൽ പ്രത്യേകിച്ച് കൊട്ടിഘോഷിക്കാനൊന്നുമില്ല. ഇന്ദിരാഗാന്ധി പ്രധാനമന്ത്രിപദത്തിലെത്തിയത് കടുത്ത മത്സരത്തിലൂടെയായിരുന്നു; പ്രതിഭാപാട്ടിലിന് രാഷ്ട്രപതിസ്ഥാനം ലഭിക്കുന്നതാകട്ടെ ഇഷ്ടദാനമെന്ന നിലക്കാണ്. അതുകൊണ്ടുതന്നെ രണ്ടും തമ്മിൽ താരതമ്യപ്പെടുത്താനാവില്ല.

പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളിലെ സംവരണപദ്ധതിപ്രകാരം ഇന്ത്യയി

ലക്ഷത്തോളം മെമ്പർമാരിൽ പത്തുലക്ഷത്തോളംപേർ സ്ത്രീകളാണ് - പാർലിമെന്റിലും നിയമസഭകളിലുമാകട്ടെ, പുരുഷാധിപത്യമാണ് സർവ്വത്ര.

പാർലിമെന്റിലെന്നല്ല, പാർട്ടികളിലും പുരുഷാധിപത്യമാണ് നിലവിലുള്ളത്. കോൺഗ്രസ്സിൽ സംഘടനാതലത്തിൽ കൂടുതൽ സ്ത്രീകളുണ്ടെന്നത് ശരിയാണ്. ഭാരവാഹികളിൽ മൂന്നിലൊന്ന് സ്ത്രീകളാകുമെന്നൊക്കെ അവർ പറയുന്നുമുണ്ട്. ബി.ജെ.പി. യുടെ ഉന്നത തലങ്ങളിൽ ആകെയൊരു സുഷമാസ്വരാജ് മാത്രമാണുള്ളത്. കമ്യൂണിസ്റ്റുകാരുടെ സ്ഥിതിയും മോശമാണ്. കേരളത്തിലെ കെ.ആർ. ഗൗരിയമ്മയുടെ കഥ സ്ത്രീകൾക്കെതിരായ വിവേചനത്തിന്റെ ഉദാഹരണമായി ചൂണ്ടിക്കാണിക്കാറുണ്ട്. 1987 ലെ നിയമസഭാതിരഞ്ഞെടുപ്പിന്നുശേഷം ഗൗരിയമ്മ മുഖ്യമന്ത്രിയാകേണ്ടതായിരുന്നു; പക്ഷെ പാർട്ടി ആ കിരീടം തട്ടിപ്പറിച്ച് ഇ.കെ. നായനാർക്ക് നൽകി. അധ:സ്ഥിത ജാതിയിൽപ്പെട്ട ഒരു സ്ത്രീ അധികാരം കയ്യാളുന്നതിൽ മേൽജാതിക്കാരായ പുരുഷൻമാർക്കുണ്ടായിരുന്ന പരിഭ്രമമാണ് തനിക്ക് സ്ഥാനം നിഷേധിക്കാൻ കാരണമായതെന്ന് ഗൗരിയമ്മ പറയുന്നു.

വനിതാ എം.പി. മാരിലൂടെ ഒന്നു കണ്ണോടിച്ചാൽ, രാഷ്ട്രീയത്തിൽ വളർന്നുവരുന്നതിനുള്ള വഴികളെക്കുറിച്ച് ഒരു ഏകദേശ ജ്ഞാനം ലഭിക്കും. ആഢ്യകുടുംബങ്ങളിൽ ജനിച്ചവരാണ് ഒരു വിഭാഗം. "റാണി ബ്രിഗേഡ്" എന്ന പേരിലാണിവർ അറിയപ്പെടുന്നത്. വിവിധ രാജകുടുംബങ്ങളിൽനിന്നുള്ളവരാണിവർ നല്ല വിദ്യാഭ്യാസവും മറ്റുമുള്ളവരാണിവരെങ്കിലും, ഇവർ പാർലിമെന്റിനെ ഒരു "ക്ലബ്" ആയേ കാണുന്നുള്ളൂ. രാഷ്ട്രീയ കുടുംബങ്ങളിൽ ജനിച്ചവരാണ് മറ്റൊരുകൂട്ടർ. ഇവരുടെ പ്രവർത്തനം താരതമ്യേന മെച്ചപ്പെട്ടതാണ്. സ്വപ്രയത്നത്തിലൂടെ വളർന്നുവന്നവരാണ് മൂന്നാമത്തെകൂട്ടർ. ഇവരിൽ മിക്കവരും ലോകസഭാപ്രവർത്തനത്തെ വളരെ ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ഇൻഡോറിൽനിന്ന് ആറുതവണ തിരഞ്ഞെടുക്കപ്പെട്ട സുമിത്രാമഹാജൻ (ബി.ജെ.പി.) വളരെ അന്തസ്സോടെ പെരുമാറുന്ന ഒരു ലോകസഭാംഗമാണ്. കനപ്പെട്ടവിഷയങ്ങളെക്കുറിച്ച് ഗാഢമായി പഠിച്ചുമാത്രമെ ഇവർ സംസാരിക്കാറുള്ളൂ.

സംസ്ഥാനതലത്തിലേക്കിറങ്ങിയാൽ ഒട്ടേറെ വനിതാ നേതാക്കളെ നമുക്കു കാണാൻ കഴിയും ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിറയെ വനിതാ നേതാക്കളാണെന്ന് ഒരു സാമൂഹ്യ ശാസ്ത്രജ്ഞനായ ദീപാങ്കർ ഗുപ്ത പറയുന്നു. മരിച്ചൊരു നേതാവിന്റെ പിൻഗാമിയായി രംഗത്തെത്തുന്നവരാണ് ഇവരെങ്കിലും ചിലർ കാതലുള്ളവരാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ചരിത്രകാരനായ രാമചന്ദ്രഗുഹ മറ്റൊരു തരത്തിലാണ് ഈ പ്രതിഭാസത്തെക്കാണുന്നത്. പിതൃദായക്രമത്തിൽ ആണ്ടുകുടക്കുന്ന ഒന്നാണ് ഇന്ത്യൻ സമൂഹം. എന്നിട്ടും ഇത്രയേറെ സ്ത്രീകൾ പാർട്ടികളെ നയിക്കുന്നുവെന്നത് ഗണനീയം തന്നെയാണെന്ന് അദ്ദേഹം പറഞ്ഞു. സോണിയ ഒരു ഭരണവംശത്തിൽനിന്നും വന്നതാണെങ്കിലും, അവർ ഒരു ദേശീയകക്ഷിയെ പത്തുകൊല്ലമായി നയിച്ചുവരികയാണ്. കൻഷിറാം ജീവിച്ചിരിക്കെതന്നെ നേതൃത്വം കയ്യേറ്റിയ ആളാണ് മായാവതി. ജയലളിത നേതൃത്വത്തിലെത്തിയത് എം.ജി.ആർ.ന്നു ശേഷമാണ്.

ഇതിന്നുമുമ്പ് മൂന്നുതവണ രാഷ്ട്രപതി സ്ഥാനത്തേക്ക് സ്ത്രീകൾ മത്സരിച്ചിട്ടുണ്ട് - മനോഹര ഹോൾക്കാർ (1967) ഫരചരൻ കൗർ (1969) ലക്ഷ്മി സാഗൾ (2002). പ്രതിഭാപാട്ടീലിനുപുറമെ വയലറ്റ് അൽവ, നജ്മ ഹെപ്തുള്ള എന്നിവരും രാജ്യസഭാ ഉപാധ്യക്ഷപദവി വഹിച്ചിട്ടുള്ളവരാണ്. ഗവർണ്ണർമാരായി സേവനമനുഷ്ഠിച്ച സ്ത്രീകൾ 11 പേരാണെങ്കിൽ മുഖ്യമന്ത്രിമാരായി ഭരണം നടത്തിയ സ്ത്രീകൾ 13 പേരുണ്ട്. ❑

# അമിതാഭ് ബച്ചന്റെ കർഷകാവതാരം

ഇന്ത്യയിലെ ഏറ്റവും പ്രശസ്ത സിനിമാതാരമായ അമിതാഭ് ബച്ചന്റെ കർഷകാവതാരം വലിയൊരു വിവാദത്തിന്ന് ഇടയാക്കിയിരിക്കുന്നു. താൻ യു.പി. യിലെ ഒരു കർഷകനാണെന്നവകാശപ്പെട്ടുകൊണ്ടാണ് ബച്ചൻ മഹാരാഷ്ട്രത്തിൽ 24 ഏക്കർ ഭൂമി വാങ്ങിയത്. പക്ഷെ ബച്ചൻ കർഷകനല്ലെന്ന് ഇപ്പോൾ സ്ഥാപിതമായിരിക്കുകയാണ്.

2000–2001 കാലത്താണ് ബച്ചൻ മഹാരാഷ്ട്രത്തിലെ ലോനാവാല സുഖവാസകേന്ദ്രത്തിൽ 24 ഏക്കർ ഭൂമി സംഘടിപ്പിച്ചെടുത്തത്. ഈ ഭൂമിക്ക് തൊട്ടപ്പുറത്താണ് അംബിതാഴ്വര. ബച്ചന്റെ സുഹൃത്തുക്കളിൽ ഒരാളായ സുബ്രതോ റോയ് ആ താഴ്വരയെ ആകർഷകമായൊരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിച്ചിട്ടുണ്ട്.

2005 ൽ ബച്ചന്റെ ഭൂമികച്ചവടത്തിന്റെ വാർത്ത പുറത്തുവന്നതോടെ പൂനാ ജില്ലാകളക്ടർ പ്രഭാകർ ദേശ്മുഖ് രേഖകൾ പരിശോധിക്കാൻ തുടങ്ങി. അമിതാഭ് വാങ്ങിയ സ്ഥലം ഉൾപ്പെടുന്ന മാവൽ താലൂക്കിലെ താസിൽദാരോട് അന്വേഷണം നടത്താൻ കലക്ടർ ആവശ്യപ്പെട്ടു.

മഹാരാഷ്ട്രത്തിൽ കർഷകർക്കു മാത്രമേ ഭൂമി നൽകാവൂ എന്ന വ്യവസ്ഥയുള്ള കാര്യം ബച്ചൻ അപ്പോഴാണറിയുന്നത്. ഉടനെ അദ്ദേഹം യു.പി.യിൽ കരുനീക്കമാരംഭിച്ചു. അന്ന് യു.പി.യിൽ മുഖ്യമന്ത്രിയായിരുന്ന മുലായം സിങ്ങ് യാദവ് ബച്ചന്റെ ഏറ്റവും അടുത്ത സുഹൃത്താണ്. അതുകൊണ്ട് കാര്യം എളുപ്പമായി. ബഡാബങ്കി ജില്ലയിൽപെട്ട ദൗലിത്പൂർ ഗ്രാമത്തിലെ മൂന്നേക്കർ സ്ഥലം ബച്ചന്റെ പേരിലാക്കിക്കൊണ്ട് കലക്ടറേറ്റിലെ രേഖകൾ തിരുത്തിവച്ചു.

അമിതാഭിന്ന് ബഡാബങ്കിയിൽ ഭൂമിയുണ്ടെന്ന വാർത്ത കലക്ടർ ആശിശ്കുമാർ ഗോയലിന് അത്ഭുതമുളവാക്കി. ബഡാബങ്കിയിൽനിന്ന്



അഴിമതിക്കാരെ നേരിട്ട കലക്ടർ ഗോയൽ

40 കിലോമീറ്റർ ദൂരെ ഗതാഗതസൗകര്യമൊന്നുമില്ലാത്ത ഒരു കുഗ്രാമത്തിൽ ബച്ചന്ന് മൂന്നേക്കർ ഭൂമിയുണ്ടെന്ന് അദ്ദേഹത്തിന്ന് വിശ്വസിക്കാനായില്ല. ഇതിന്നിടയിൽ ദൗലത്പൂരിൽ തനിക്കുഭൂമിയുണ്ടെന്ന ബച്ചന്റെ അവകാശവാദത്തെക്കുറിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് പൂനയിലെ സബ്മജിസ്ട്രേട്ടിൽനിന്നൊരു സന്ദേശം ഗോയലിനുകിട്ടി. തുടർന്നു നടന്ന അന്വേഷണത്തിൽ

ബഡാബങ്കി ജില്ലാകേന്ദ്രത്തിൽ അത്തരമൊരു രേഖ കണ്ടെത്തി. എന്നാൽ താലൂക്കാഫീസിൽ അതു സംബന്ധിച്ച ഒരു രേഖയുമില്ല. മാത്ര മല്ല ദൗലത്ത്പൂരിൽ ബച്ചനുണ്ടെന്നു പറയുന്ന മൂന്നേക്കർ ഭൂമി വേറെ ഒരു ഡസൻ ആളുകളുടെ അധീനത്തിലാണെന്നും കണ്ടെത്തി. തന്മൂലം കലക്ടറേറ്റിലെ രേഖ വീണ്ടും പരിശോധിച്ചപ്പോൾ അതു കൃത്രിമമാണെന്നു തെളിഞ്ഞു. ബച്ചന്ന് 1983 ൽ ഭൂമി നൽകിയെന്നാണ് രേഖ. പക്ഷെ രേഖയിലെ ഈ ഒരിനംമാത്രം സമീപകാലത്ത് എഴുതിച്ചേർത്തതാണെന്നുകണ്ടു. അതുകൊണ്ട് ബച്ചന് ഭൂമി നൽകിയ രേഖ കലക്ടർ ഗോയൽ സ്റ്റേ ചെയ്തു. രേഖയിൽ കൃത്രിമം കാണിച്ച രാം നരേശ് എന്ന ക്ലർക്കിനെ സസ്പെൻഡ് ചെയ്തുകൊണ്ടും ഗോയൽ കല്പനയായി.

അതോടെ ലഖ്നൗവിലെ രാഷ്ട്രീയ നേതാക്കൻമാരും ഉദ്യോഗസ്ഥപ്രമാണിമാരും സമ്മർദ്ദം ചെലുത്താൻ തുടങ്ങി. "ഒരുതുണ്ട് ഭൂമിയെ" ചൊല്ലി വേണ്ടാത്ത ബഹളമുണ്ടാക്കരുതെന്നും ബച്ചൻ ഒരു ഭൂവുടമയാണെന്ന് സർട്ടിഫിക്കറ്റ് നൽകി പുലിവാലിൽനിന്ന് വിടണമെന്നും അവർ ഉപദേശിച്ചു. ചെറുപ്പക്കാരനായ ഗോയൽ വഴങ്ങിയില്ല. ദൽഹി ഐ.ഐ.ടി.യിൽ നിന്ന് എലക്ട്രിക്കൽ എഞ്ചിനീയറിങ്ങിൽ പ്രശസ്തമായ വിധം ബിരുദം നേടിയശേഷം 1995 ൽ ഐ.എ.എസ്. പാസായ ആളാണ് ഗോയൽ. സമ്മർദ്ദം ഭീഷണി എന്നിവയൊന്നും ഫലിക്കില്ലെന്നു ബോധ്യമായപ്പോൾ, രാഷ്ട്രീയക്കാർ പഴയ അടവുതന്നെയെടുത്തു. ഒരുമാസത്തിന്നകം, ഏപ്രിൽ 16 ന്ന്, ഗോയലിനെ സ്ഥലംമാറ്റി; പുതുതായി നിയമിതനായ രാംശങ്കർ സാഹു എന്ന കലക്ടർ ഗോയലിന്റെ സ്റ്റേ ഓർഡർ റദ്ദാക്കുകയും രാംനരേശിന്റെ സസ്പെൻഷൻ റദ്ദാക്കി അയാളെ സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തു. അങ്ങനെ ബച്ചൻ വീണ്ടും കർഷകനായി.

(ഈയിടെ ബി.എസ്.പി. നേതാവായ മായാവതി മുഖ്യമന്ത്രിയായ ഉടൻ സാഹുവിനെ കലക്ടർ സ്ഥാനത്തുനിന്ന് നീക്കി; അയാൾക്ക് പുതിയൊരിടത്തും നിയമനം നൽകാതെ ത്രിശങ്കുവിൽ നിർത്തിയിരിക്കുകയാണ്. രേഖകളിൽ കൃത്രിമം കാണിച്ച രാം നരേശ് വീണ്ടും സസ്പെൻഷനിലുമായി.)

മുഖ്യമന്ത്രി മുലായം സിങ്ങ് യാദവ് അമിതാഭ് ബച്ചനെ കർഷകനാക്കാൻവേണ്ടി ബഡാബങ്കി കലക്ടർ ഗോയലിനെ സ്ഥലം മാറ്റിയെങ്കിലും സ്ഥിതി അപകടകരമാണെന്ന് ബച്ചൻ മനസ്സിലാക്കിയെന്നുവേണം അനുമാനിക്കാൻ. കാരണം, ഗോയലിനെ സ്ഥലംമാറ്റി ഒരു മാസത്തിന്നകം 2006 മെയ് 15 ന്ന് ദൗലത്ത്പൂർ വില്ലേജിൽതന്നെ രണ്ടിടത്ത് രണ്ടുകഷ്ണം ഭൂമി കൂടി വാങ്ങി കർഷകസ്ഥാനത്തിന്ന് ഉറപ്പുവരുത്തി. പക്ഷെ ഇത് വേറൊരു പുലിവാലിന് ഇടയാക്കി. അമിതാഭിന്റെ ഭാര്യ ജയ രാജ്യസഭയിലേക്ക് മത്സരിച്ച അവസരത്തിൽ സമർപ്പിച്ച സ്വത്തുവിവരത്തിന്റെ പട്ടികയിൽ ദൗലത്ത്പൂരിലെ ഭൂമിക്കാര്യമില്ല. ആദ്യം അനുവദിച്ചു കിട്ടിയെന്നു പറയുന്ന മൂന്നേക്കറിന്റെ കാര്യവും അവ്യക്തമാണ്. സ്വത്തുവിവര പട്ടികയിൽ ദൗലത്തുപൂരിൽ ഭൂമിയുണ്ടെന്നു പറയുന്നുണ്ടെങ്കിലും സർവ്വേ നമ്പറില്ലാത്തതിനാൽ ഏതു ഭൂമിയാണെന്നറിയൻ മാർഗ്ഗമില്ല.

ഏതായാലും ബച്ചന്റെ കർഷക പദവി ഇപ്പോൾ കോടതിയിലാണ്. അതുകൊണ്ടുതന്നെ മഹാരാഷ്ട്രത്തിൽ വാങ്ങിയ 24 ഏക്കറിന്റെ സാധുതയും അങ്കലാപ്പിലാണ്. ❑

# അംബാനി പച്ചക്കറി വിൽക്കാൻ വരുമ്പോൾ

**ജൂ**ൺഅവസാനവാരത്തിൽ കേരളത്തിലെ വ്യാപാരികൾ ഒരു കുത്തക വിരുദ്ധസമരം നടത്തുകയുണ്ടായി. കച്ചവടക്കാർ ഇടക്കെല്ലാം നടത്താറുള്ള കടയടപ്പുസമരങ്ങളിലൊന്ന് എന്നതിൽ കവിഞ്ഞ ഒരു പ്രാധാന്യവും ജനങ്ങൾ അതിന്നു കല്പിച്ചില്ല. കാരണം, വ്യാപാരികളെ വർഗ്ഗശത്രുക്കളായിട്ടാണ് ജനങ്ങൾ കണക്കാക്കിവരുന്നത്. വ്യാപാരികൾക്കുണ്ടാകുന്ന ഏതൊരു പ്രശ്നം വളരെ മൗലികമായ ഒന്നാണ്. വ്യാപാരികളെയെന്നപോലെ ജനങ്ങളേയും ബാധിക്കുന്ന ഒരു പ്രശ്നമാണിത്. ജനങ്ങൾ അതിനിയും മനസ്സിലാക്കിയിട്ടില്ല.

ഇന്ത്യയിലെ ചില്ലറ വ്യാപാരമേഖലയിലേക്ക് കുത്തകമുതലാളിമാരും ചാടിക്കയറിയിരിക്കുന്നുവെന്നതാണ് പുതിയ സംഭവവികാസം. ഇക്കാലമത്രയും വൻകിടക്കാർ വൻകിട ബിസിനസ്സുക




ത്ഡാർഖണ്ഡിലെ റാഞ്ചിയിലുള്ള റിലയൻസിന്റെ ചില്ലറ വില്പനശാല പ്രകടനക്കാർ തല്ലിതകർക്കുന്നു.

നിർഭാഗ്യത്തിലും ജനങ്ങൾ സന്തോഷിക്കുന്നു. സമൂഹത്തിന്റെ നന്മയാണ് തങ്ങളുടേയും നന്മ എന്ന് മനസ്സിലാക്കാൻ നമ്മുടെ വ്യാപാരി സമൂഹത്തിന്ന് ഇനിയുമെത്രയോ കാതം സഞ്ചരിക്കേണ്ടതുണ്ട്.

എന്നാൽ ഇന്ത്യയിലെ വ്യാപാരി സമൂഹം ഇപ്പോൾ ഉന്നയിച്ചിരിക്കുന്ന

ളിൽ മാത്രമേ വ്യാപൃതരാകാറുള്ളൂ. പഴവും പച്ചക്കറിയും ബലൂണും മിഠായിയും വിൽക്കാൻ ടാറ്റയും ബിർളയും അംബാനിയുമെല്ലാം മുതിർന്നാലത്തെ സ്ഥിതിയെന്താകും? വ്യാപാരരംഗത്തും വ്യവസായരംഗത്തുമെല്ലാം വർഗ്ഗവ്യത്യാസമുണ്ട്. വൻകിടക്കാർ വൻകിട ബിസിനസ്സ് നടത്തുക; ഇടത്തരക്കാർ ഇട

ത്തരം ബിസിനസ്സ് നടത്തുക; ചെറികിടക്കാർ ചെറുകിട ബിസിനസ്സുകളിൽ വ്യാപൃതരാകുക. ഒരുകാലത്ത് വിറകുവെട്ടിയായിരുന്നവൻ പിന്നീട് കോടീശ്വരനായെന്നുവരാം; പക്ഷെ കോടീശ്വരനായാൽ പിന്നെ വിറകുവെട്ടാൻ നിൽക്കരുത്.

ഇന്ത്യയിലെ ചില്ലറ വ്യാപാരത്തിന്റെ 95 ശതമാനവും ചെറുകിട കച്ചവടക്കാരാണ് നടത്തിവരുന്നത്. നഗരങ്ങളിൽ സാധനങ്ങൾ തലച്ചുമടായി കൊണ്ടുനടന്നുവിൽക്കുന്നവരുടെ എണ്ണംതന്നെ ഒന്നേകാൽ കോടി വരും. നഗരങ്ങളിലെ ജനങ്ങളിൽ രണ്ടരശതമാനം സാധനങ്ങൾ കൊണ്ടുനടന്നു വിൽക്കുന്നവരാണ്. ഇവരിൽ നാലിലൊന്ന് പഴവും പച്ചക്കറിയും മാത്രം വിൽക്കുന്നവരാണ്. ഇവർക്ക് സർക്കാർ സംരക്ഷണമോ വായ്പാസൗകര്യമോ ഒന്നുമില്ലെന്നല്ല, അധികൃതരുടെ ദ്രോഹം ഏറെ സഹിക്കേണ്ടിവരുന്നുമുണ്ട്. പോലീസുകാർക്കും മുനിസിപ്പൽ അധികൃതർക്കും തദ്ദേശീയ ഗുണ്ടകൾക്കും ആഴ്ചതോറും മുടങ്ങാതെ പണം നൽകണം.

നടന്നുവിൽപ്പനക്കാർക്കു പുറമെ, അതിന്റെ അനേകമിരട്ടിവരുന്ന ചില്ലറ വ്യാപാരികൾ വേറേയുമുണ്ട്. ഇന്ത്യയിൽ ചില്ലറ വ്യാപാര രംഗത്ത് പ്രവേശിച്ചിട്ടുള്ള വൻകിടക്കാരിൽ റിലയൻസ്, ഐ.ടി.സി., ഭർടി, ബിഗ്ബസാർ, ഗോദറേജ്, സുഭിക്ഷ എന്നിവപെടുന്നു. വിദേശകമ്പനികൾക്ക് ചില്ലറവ്യാപാരരംഗത്ത് പ്രവേശിക്കാൻ ഗവർമ്മേണ്ട് അനുമതി നൽകിയിട്ടില്ല. എന്നാൽ വാൾമാർട്ട് പോലെയുള്ള ചില വൻകിടക്കാർ ഇന്ത്യയിലെ ചില കമ്പനികളുമായി കൂട്ടുചേർന്നു പ്രവർത്തിക്കുന്നുണ്ട്.

ചില്ലറവ്യാപാരത്തിൽ ചെറിയൊരു ഭാഗംമാത്രമാണ് പഴം-പച്ചക്കറി വ്യാപാരം. വൻകിടക്കാർ ഈ രംഗത്തു പ്രവേശിച്ചാൽതന്നെ കമ്പോളത്തിന്റെ പത്തിലൊന്നിലധികം കയ്യടക്കാനാവില്ലെന്നാണ് വിദഗ്ദ്ധൻമാർ പറയുന്നത്. മദർ ഡയറി, സഫാൽ എന്നീ രണ്ടു സഹകരണ സ്ഥാപനങ്ങൾ കുറെകാലമായി ചില്ലറ വ്യാപാരമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുമൂലം ചില്ലറവ്യാപാരികൾക്ക് ക്ഷീണമുണ്ടായതായി ഇതുവരെ പരാതി ഉയർന്നിട്ടില്ല.

കുത്തകകൾ ചില്ലറ വ്യാപാരരംഗത്തിറങ്ങിയാൽ കർഷകർക്ക് നല്ല വില കിട്ടുമെന്ന ഒരു പ്രചരണം നടക്കുന്നുണ്ട്. ഇടനിലക്കാർ ഒഴിവാകുമ്പോൾ കർഷകന് നല്ല വില കിട്ടുമെന്നാണ് വാദം. ഇതൊരു മിഥ്യയാണ്. ഇന്ത്യ ലോകവ്യാപാര സംഘടനയിൽ ചേർന്നാൽ കാർഷികോൽപ്പന്നങ്ങൾക്ക് നല്ല വിലകിട്ടുമെന്നു പറഞ്ഞതുപോലെയാണ് ഇതും. വൻകിട ബിസിനസ്സുകാർ കൈലാസം നന്നാകാൻവേണ്ടി ഏകാദശി നോൽക്കുന്നവരല്ല. ചെറുകിട വ്യാപാരികളെ രംഗത്തുനിന്ന് ആട്ടിയോടിച്ചുകഴിഞ്ഞാൽ പിന്നെ കർഷകർക്ക് വൻകിട വ്യാപാരികളെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂവെന്നുവരും. ഫലത്തിൽ കൃഷിക്കാരും ഉപഭോക്താക്കളും ഒരു പോലെ ചൂഷണം ചെയ്യപ്പെടും.

വൻകിടക്കാർ ചില്ലറ വ്യാപാരരംഗത്ത് പ്രവേശിക്കുന്നതിനെ അനുകൂലിച്ചും എതിർത്തും ധാരാളം വാദമുഖങ്ങൾ നിരത്താൻ കഴിയും. എന്നാൽ മൗലികമായ ഒരു തത്വമുണ്ട്. വ്യാപാരമായാലും വ്യവസായമായാലും ഭരണമായാലും വികേന്ദ്രീകൃതമായതാണ് ജനക്ഷേമകരമായിട്ടുള്ളത്. കുത്തകാധികാരം ജനങ്ങൾക്ക് ദ്രോഹകരമായി ഭവിക്കും. അതേസമയം വ്യാപാരം കേന്ദ്രീകൃതമായാലും വികേന്ദ്രീകൃതമായാലും ഗവർമ്മേണ്ടിന്റെ മേൽനോട്ടവും നിയന്ത്രണവും അനുപേക്ഷണീയമാണ്. സർക്കാരിന്റെ നിയന്ത്രണത്തിന്റെ അഭാവത്തിൽ ഏറ്റവും നല്ലവനായ വ്യാപാരിപോലും പിഴച്ചുപോയെന്നുവരും. ❑

# രാജസ്ഥാനിലെ 'മൂന്നാർ' ഒഴിപ്പിച്ചെടുക്കുന്നു



രന്തംബോർ കടുവാസംരക്ഷണകേന്ദ്രത്തിന്റെ
അതിർത്തിയോട് ചേർന്ന് നിർമ്മിച്ചിരിക്കുന്ന ഹോട്ടൽ

രാജസ്ഥാനിലെ രന്തംബോർ നാഷണൽ പാർക്കിനുചുറ്റുമുള്ള പാരിസ്ഥിതിക ലോലമേഖലയിലെ എല്ലാനിർമ്മാണങ്ങളും പൊളിച്ചുമാറ്റാൻ രാജസ്ഥാൻ ഹൈക്കോടതി മെയ് 25 ന്ന് കല്പന നൽകി. താമസസ്ഥലങ്ങൾ, ഹോട്ടലുകൾ തുടങ്ങിയവയെല്ലാം പൊളിച്ചുമാറ്റേണ്ടി വരും.

ഇന്ത്യയിലെ പ്രമുഖ കടുവാസംരക്ഷണ കേന്ദ്രങ്ങളിലൊന്നാണ് രന്തംബോർ. കൊല്ലംതോറും ഒരു ലക്ഷം സന്ദർശകരെങ്കിലും രന്തംബോർ സന്ദർശിക്കുന്നുണ്ട്; ഒന്നരകോടിരൂപ സന്ദർശക ഫീസിനത്തിൽ ഗവർമ്മേണ്ടിന് ലഭിക്കുന്നു.

കടുവാസംരക്ഷണ കേന്ദ്രത്തിനു ചുറ്റും 500 മീറ്റർ വീതിയിലുള്ള പ്രദേശം പാരിസ്ഥിതിക ലോലമേഖലയായി ഗവർമ്മേണ്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് യാതൊരു നിർമ്മാണ പ്രവർത്തനവും പാടില്ല. എന്നാൽ 2002 ൽ ഈ കല്പന പുറപ്പെടുവിച്ച് ആറുമാസം കഴിയുന്നതിന്നുമുമ്പ് ഇതിൽ ഇളവനുവദിക്കാൻ ഗവർമ്മേണ്ടിന്ന് അധികാരം നൽകുന്ന മറ്റൊരു കല്പന പുറപ്പെടുവിച്ചു. ചില ഹോട്ടലുകൾക്കു വേണ്ടി നിയമം ഇളവുചെയ്തുകൊടുക്കുകയും ചെയ്തു.

വനാതിർത്തിയിൽനിന്ന് 500 മീറ്ററിനുള്ളിലായി 12 ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. അതിലൊരെണ്ണം വനാതിർത്തിക്കക

ത്താണ്; മൂന്നെണ്ണം വനാതിർത്തിയോട് ചേർന്ന് സ്ഥിതിചെയ്യുന്നു. ഈ ഹോട്ടലുകളിൽ ഒരു ദിവസത്തേക്ക് മുറിയൊന്നിന്ന് 400 രൂപമുതൽ 30,000 രൂപ വരെ ഈടാക്കുന്നുണ്ട്.

ഹോട്ടലുകൾക്കു പുറമെ വനാതിർത്തിയിൽ കൃഷിത്തോട്ടങ്ങളുണ്ട്. വനാതിർത്തിക്കടുത്ത് ഒരു ഹെക്ടറിന് 40 ലക്ഷം രൂപയാണ് ഭൂമിക്ക് വില ഈടാക്കുന്നത്. പ്രസിദ്ധരായ ചില പരിസ്ഥിതി പ്രവർത്തകർക്ക് ഈ പ്രദേശത്ത് വീടുണ്ട്. വനത്തിന്നു ചുറ്റുമുള്ള പ്രദേശം വനഭൂമിയാണോ റവന്യൂ ഭൂമിയാണോ എന്നതു സംബന്ധിച്ച് ദീർഘകാലമായി തർക്കം നടന്നുവരുന്നുണ്ട്. വനഭൂമിയുടെ അതിർത്തി നിർണ്ണയിക്കാനായി പലതവണ സർവ്വെ നടത്തുകയുണ്ടായി.

രന്തംബോർ കടുവാസംരക്ഷണ കേന്ദ്രത്തിന്റെ കാതലായ മേഖലയിൽ നാലു ഗ്രാമങ്ങളുണ്ട്. നാലിലുംകൂടി 700 പേരുണ്ടെന്നാണ് കണക്ക്; ഇതിന്നു പുറമെ കടുവാസംരക്ഷണ കേന്ദ്രത്തിൽ 25 ഗ്രാമങ്ങളുണ്ട്. ഇവയിലാകെ 8642 പേരാണുള്ളത്. കടുവാസംരക്ഷണ കേന്ദ്രത്തിന്നു ചുറ്റുമായി വേറൊരു 96 ഗ്രാമങ്ങളുണ്ട്.

കടുവാസംരക്ഷണ കേന്ദ്രത്തിന്നകത്തുള്ള ഗ്രാമങ്ങളിൽ പതിനൊന്നെണ്ണത്തിലെ ജനങ്ങളെ 1975 ൽ പുറമേക്ക് മാറ്റി താമസിപ്പിച്ചിരുന്നു; ഇവർ സംരക്ഷണകേന്ദ്രത്തിൽനിന്ന് പുറത്താക്കപ്പെട്ടുവെങ്കിലും ഇവരുടെ കന്നുകാലികൾ കാട്ടിൽ കയറി മേയുന്നുണ്ട്. ഇവരെ മാറ്റി പാർപ്പിച്ചപ്പോൾ വീട് വയ്ക്കാൻ സ്ഥലം നൽകുക മാത്രമാണ് ചെയ്തത്. അതിനാൽ കന്നുകാലികൾക്ക് കാട്തന്നെ ശരണം.

മേയ് 25 ലെ ഹൈക്കോടതി വിധി പ്രകാരം കടുവാ സംരക്ഷണകേന്ദ്രത്തിന്റെ ചുറ്റുമുള്ള ലോല പരിസ്ഥിതി മേഖലയിലുള്ള എല്ലാ കെട്ടിടങ്ങളും പൊളിച്ചുമാറ്റണം. മുൻകൂട്ടി അനുമതി വാങ്ങി നിർമ്മിച്ചവയായാലും ലോല പരിസ്ഥിതി മേഖലയിൽ നിലനിർത്താൻ പാടില്ലെന്നു വിധിയിൽ പറയുന്നു. ജനങ്ങളെ മാറ്റി പാർപ്പിക്കുമ്പോൾ, അവർക്ക് എല്ലാവിധ പുനരധിവാസ സൗകര്യവും ഏർപ്പെടുത്തണമെന്ന് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.

കടുവാസംരക്ഷണകേന്ദ്രത്തിന്റെ വികസനത്തിന്നായി കേന്ദ്ര ഗവർമ്മേണ്ടും മറ്റും അനുവദിക്കുന്ന തുക പ്രസ്തുതാവശ്യത്തിന്ന് വിനിയോഗിക്കുന്നില്ലെന്ന് കോടതി കണ്ടെത്തി. അതുപോലെ സന്ദർശകർക്ക് ചുമത്തുന്ന സെസ്സും ഗവർമ്മേണ്ടിന്റെ ഖജനാവിലേക്ക് മുതൽകൂട്ടുകയാണ് ചെയ്യുന്നത്. ഇത് ശരിയല്ല. അതിനാൽ രന്തംബോർ പാർക്കിന്റെ പേരിൽ പുതിയൊരു എക്കൗണ്ട് ആരംഭിക്കുകയും, രന്തംബോറിന്നു കിട്ടുന്ന എല്ലാ പണവും അതിൽ നിക്ഷേപിക്കുകയും കടുവാ സംരക്ഷണകേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് മാത്രമായി അതുവിനിയോഗിക്കുകയും വേണമെന്ന് കോടതി കല്പിച്ചു.

കടുവാ സംരക്ഷണകേന്ദ്രത്തിന്റെ ചുമതല ടൂറിസം വകുപ്പിൽനിന്ന് വനം വകുപ്പിലേക്ക് മാറ്റാനും കോടതി കല്പിച്ചിട്ടുണ്ട്.

❏

# മഹാരാഷ്ട്രത്തിലെ 'മൂന്നാർ'

**- സ്മൃതി കൊപ്പികർ -**

മനോഹരമായ സഹ്യാദ്രി നിരകളിൽ ലോനവാലയുടെ താഴ്‌വരയിൽ സസ്യശ്യാമളമായ ഒരു മേഖലയുണ്ട്. മുംബായിൽനിന്നും പൂനയിൽനിന്നും ആയിരക്കണക്കിനു സഞ്ചാരികൾ എത്തുന്ന മേഖലയാണിത്. ധീരരും സുന്ദരൻമാരും ധനികരും പ്രശസ്തരുമെല്ലാമായ ഒട്ടേറെപേർ ഈസുഖവാസകേന്ദ്രത്തിൽ ഭൂമി വാങ്ങിക്കൂട്ടികൊണ്ടിരിക്കുകയാണിപ്പോൾ. അതോടൊപ്പം നാനാതരം വിവാദങ്ങളും പുറത്തുവരുന്നു. "ലോക പൈതൃക"മായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മേഖലയാണിത്.

മുംബായിക്കും പൂനക്കുമിടക്കാണ് ലോനാവാല. ഈ സഹ്യാദ്രി മലനിരയിൽ മുൽഷി, ആന്ദ്ര എന്നിങ്ങനെ രണ്ടു തടാകങ്ങളുണ്ട്. കൃഷ്ണാനദിയുടെ പോഷകനദിയായ ഭീമ നദി ഉത്ഭവിക്കുന്നത് ഇവിടെനിന്നാണ്. 1972 ൽ ഇവിടെ ഒരു അണകെട്ടു നിർമ്മിച്ചു. അതിന്നായി പതിനേഴുഗ്രാമങ്ങളിലെ 1200 കുടുംബങ്ങളെ ആട്ടിയോടിച്ചു. ഇതിൽ കഷ്ടിച്ചു 300 കുടുംബങ്ങളെ മാത്രമെ പുനരധിവസിപ്പിച്ചുള്ളൂ. മറ്റുള്ളവരെല്ലാം മുംബായിലെ ഏതെങ്കിലും ചേരിയിൽ എത്തിച്ചേർന്നിരിക്കണം. അക്കാലത്ത് പുനരധിവാസമെന്നത് ഒരു സാമൂഹ്യ പ്രശ്നമായി കരുതിയിരുന്നില്ല. അണക്കെട്ടുനിർമ്മാണം ഒരു പുണ്യകർമ്മമായിട്ടാണ് കരുതപ്പെട്ടിരുന്നത്. അതിന്നായി ആളുകളെ ആട്ടിയോടിക്കുന്നതിൽ അപാകതയെന്തെങ്കിലുമുള്ളതായി ആരും കരുതിയിരുന്നുമില്ല.

അണക്കെട്ടിന്നും ജലസംഭരണിക്കുമായി പതിനേഴു ഗ്രാമങ്ങളിലെ ജനങ്ങളെ കുടിയിറക്കിയെങ്കിലും അത്രയൊന്നും ഭൂമി ആവശ്യം വന്നില്ല. അതിനാൽ അണക്കെട്ടിനു ചുറ്റുമായി ഒട്ടേറെ സ്ഥലം വെറുതെ കിടപ്പുണ്ടായിരുന്നു. അതാണിപ്പോൾ പണക്കാരും സ്വാധീനശക്തിയുള്ളവരും വാങ്ങിക്കൂട്ടുന്നത്. ഒരിക്കൽ അക്വയർ ചെയ്ത ഭൂമി നിശ്ചിതാവശ്യത്തിന്ന് ഉപയോഗിക്കാതിരുന്നാലും അതിന്റെ മുൻ ഉടമകൾക്ക് അതിൽ അവകാശം കൈവരില്ലെന്നും, അങ്ങനെ വെറുതെകിടക്കുന്ന ഭൂമി പൊതുസ്വത്തായി കിടക്കണമെന്നും സുപ്രീം കോടതിയുടെ ഒരു വിധി ഉള്ളതിനാൽ ആരും തങ്ങളുടെ ഭൂമിതിരിച്ചു കിട്ടണമെന്നാവശ്യപ്പെട്ടിട്ടില്ല. ആവശ്യപ്പെട്ടാലും കാര്യവുമില്ല.

1948 ലെ ഒരു നിയമപ്രകാരം മഹാരാഷ്ട്രത്തിൽ കൃഷിഭൂമി കൈമാറുന്നതിന്ന് കർക്കശനിയന്ത്രണമുണ്ട്. ഭൂമിവാങ്ങുന്നവൻ ജന്മനാ കർഷകനായിരിക്കണം. അല്ലെങ്കിൽ കൊല്ലത്തിൽ 18,000 രൂപയിൽ താഴെമാത്രം വരുമാനമുള്ള ആളാണെന്നതിന്ന് സാക്ഷ്യപത്രം ഹാജരാക്കണം; അതുമല്ലെങ്കിൽ മറ്റെല്ലാ തൊഴിലുകളിലും പരാജയപ്പെട്ട് കർഷകജീവിതത്തിലേക്ക് തിരിയുന്നവനാകണം. ചുരുക്കത്തിൽ കർഷകനോ അതിദരിദ്രനോ കൃഷി ഉപജീവനമാക്കുന്നവനോ മാത്രമേ മഹാരാഷ്ട്രത്തിൽ കൃഷിഭൂമി വാങ്ങാൻ പാടുള്ളൂ.

ഈ നിയമം വ്യാപകമായി ലംഘിക്കപ്പെട്ടുവരുന്നുണ്ട്. അമിതാഭ് ബച്ചനെപ്പോലുള്ളവർ കർഷകവേഷം കെട്ടി രംഗത്തുവന്നതാണ് ഇതൊരു വിവാദവിഷയമാകാൻ കാരണം. ലോനാവാലക്കടുത്ത് മാവൽ താലൂക്കിലെ 24 ഏക്രയാണ് ബച്ചൻ വാങ്ങിയിരിക്കുന്നത്. ഇതുപോലെ പത്തും പതിനഞ്ചും ഏക്കർവീതം വാങ്ങിക്കൂട്ടിയ സിനിമാതാരങ്ങളും ബിസിനസ്സുകാരും രാഷ്ട്രീയക്കാരും ഏറെയുണ്ട്. പാവന അണക്കെട്ടിന്നായി അക്വയർചെയ്തതും ഉപയോഗിക്കാതെകിടക്കുന്നതുമായ ഭൂമികളാണ് ഇത്തരത്തിൽ പങ്കിട്ടെടുക്കുന്നതിലധികവും.

സിനിമാതാരമായ അമീർഖാൻ ഇവിടെ പതിനൊന്നേക്കർ വാങ്ങിയിട്ടുണ്ട്. ഈ ⇨

# അടിത്തറ തകരുന്ന ഒരു മഹാസ്ഥാപനം

**- രാമചന്ദ്ര ഗുഹ -**

**ചെ**റിയ മനുഷ്യരുടെ അല്പത്തരം കൊണ്ട് നശിച്ചുപോയ മഹത്തായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഒരു ശ്മശാനം ഇന്ത്യയിലെവിടേയോ ഉണ്ട്. ഇതിൽ അടക്കം ചെയ്യപ്പെട്ട ശവങ്ങൾ രാജ്യത്തിന്റെ നാനാ ഭാഗത്തുനിന്നും എത്തിയവയാണ്. ഈ ഖബറിസ്ഥാനിൽ അന്ത്യവിശ്രമം കൊള്ളുന്നവരിൽ ലഖ്നൗവിലെ ഇസാബല്ല തൗബേൺ കോളേജ്, മുംബായിലെ എൽഫിൻസ്റ്റൺ കോളേജ്, ചെന്നൈയിലെ ക്വീൻമേരീസ് കോളേജ്, കൽക്കത്തയിലെ പ്രസിഡൻസികോളേജ്, പട്ന കോളേജ്, അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റി ബനാറസ് ഹിന്ദുയുനിവേഴ്സിറ്റി തുടങ്ങിയവയെല്ലാം പെടുന്നു.

ഇവിടത്തെ ശവക്കോട്ട സൂക്ഷിപ്പുകാരന്ന്, പേരുകൊണ്ടും പെരുമകൊണ്ടും മറ്റെല്ലാത്തിനേയും കവച്ചുവയ്ക്കുന്ന പുതിയൊരു ശവം അടുത്തുതന്നെകിട്ടും. അത് ദൽഹിയിലെ സെന്റ് സ്റ്റീഫൻസ് കോളേജാണ്. കേംബ്രിഡ്ജിൽ നിന്നുള്ള ഒരു സംഘം പുരോഹിതന്മാർ 1881 ൽ സ്ഥാപിച്ചതാണ് ഈ കോളേജ്. ആദ്യഘട്ടത്തിൽ വെറുമൊരുകോളേജ് മാത്രമായിരുന്നുവെങ്കിലും ബ്രിട്ടീഷുകാർ 1911 ൽ ഇന്ത്യയുടെ തലസ്ഥാനം ദൽഹിയിലാക്കിയതോടെ കോളേജ് പേരും പ്രശസ്തിയും നേടാൻ തുടങ്ങി. സ്വാതന്ത്ര്യാനന്തരം ദൽഹി സർവ്വകലാശാലയിലെ കോളേജുകളിൽ അഗ്രിമസ്ഥാനം സെന്റ് സ്റ്റീഫൻസിന്നായി.

ഇന്ത്യയിലെ മഹാന്മാരായ പൊതുപ്രവർത്തകരിലും പണ്ഡിതന്മാരിലും എഴുത്തുകാരിലും കലാകാരന്മാരിലുംപെട്ട ഒട്ടേറെപേർ സെന്റ് സ്റ്റീഫൻസിൽ പഠിച്ചവരാണ്. ഇവർരാഷ്ട്രത്തിനു നൽകിയ സേവനം നമുക്കറിയാം; എന്നാൽ ഇതിലെ വിദ്യാർത്ഥികൾക്ക് സെന്റ് സ്റ്റീഫൻസമ്മാനിച്ചതെന്താണ്? 1930 കളിൽ സെന്റ് സ്റ്റീഫൻസിൽ പഠിച്ച ഖുഷ്വന്ത് സിങ്ങ് പറയുന്നു: "ബൈബിളിന്റെ ചിലഭാഗങ്ങൾ മഹത്തായ സാഹിത്യമാണെന്ന് ഞാൻ ഇവി ⇨

---

ഇടപാടിൽ ഒരപാകതയുമില്ലെന്നാണ് അദ്ദേഹം പറയുന്നത്. തന്റെ അഛനും അമ്മാമനുമെല്ലാം കൃഷിക്കാരായിരുന്നുവെന്ന് അദ്ദേഹം അവകാശപ്പെടുന്നു. യു.പി.യിലെ ഷാബാദിൽ തങ്ങൾക്കിപ്പോഴും ഒരുമാന്തോപ്പുണ്ടെന്നും അതിനാൽ സാങ്കേതികമായി തങ്ങളിപ്പോഴും കർഷകരാണെന്നും അദ്ദേഹം വാദിച്ചു.

മറ്റൊരു സിനിമാതാരമായ ധർമ്മേന്ദ്രൻ ഒരു കുന്ന് ഏതാണ്ട് മുഴുവൻതന്നേയും സ്വന്തമാക്കിയിട്ടുണ്ട്. പക്ഷെ അത് കുടുംബാംഗങ്ങളിൽ പലരുടേയും പേരിൽ വേർതിരിച്ചാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. സംഗീത ബിജ്ലാനി, സുനിൽ ഷെട്ടി, സുരേഷ് ഒബറോയ്, നീലം, ദീലീപ് കുമാർ, ഭാര്യ സൈനബാറോ, ടെലിവിഷൻതാരം കമ്പൽ ജിത്, എന്നിവരാണ് മാവൽ താലൂക്കിലെ ഭൂമി വാങ്ങിക്കൂട്ടിയ മറ്റ് താരങ്ങളിൽ പ്രധാനികൾ ലോകസഭാ സ്പീക്കറായിരുന്ന ബാൽറാം ഝക്കർക്കും ഇവിടെ ഭൂമിയുള്ളതായി പറയുന്നുണ്ട്.

കലക്ടർക്ക് ഈ ഇടപാടുകളുടെ സാധുത പരിശോധിക്കാവുന്നതാണ്. പക്ഷെ ഗവർമ്മേണ്ട് ആവശ്യപ്പെട്ടാലേ കലക്ടർ അനങ്ങൂ. ഗവർമ്മേണ്ട് ഒന്നും ചെയ്യാനിടയില്ല. കാരണം ഒട്ടേറെ വമ്പന്മാർ ഉൾപ്പെട്ട കേസാണിത്. മാവൽ താലൂക്കിൽ മാത്രമല്ല, മഹാരാഷ്ട്രത്തിലാകെ ഇത്തരം നിയമലംഘനം നടക്കുന്നുണ്ട്. ദിവസേന നടത്തുന്ന നൂറുകണക്കിന്ന് ഭൂമി കച്ചവടത്തിൽ അമ്പതെണ്ണമെങ്കിലും കർഷകരല്ലാത്തവർ വാങ്ങുന്ന ഭൂമി സംബന്ധിച്ചതാണ്. ❑

ടെനിന്നാണ് പഠിച്ചത്. ശരിയെപ്പറ്റിയും തെറ്റിനെപ്പറ്റിയുമുള്ള ബോധം എന്നിൽ ഉളവാക്കിയതും ഈ കോളേജാണ്. ഇതൊന്നും സാരോപദേശ പ്രഭാഷണങ്ങളിലൂടെ കൈവന്നതല്ല; നേരെ മറിച്ച് കോളേജിലെ അന്തരീക്ഷത്തിൽ അതു തളംകെട്ടി നിന്നിരുന്നു. ശുദ്ധവായു ശ്വസിക്കുന്നതുപോലെ വിദ്യാർത്ഥികൾ അത് സ്വായത്തമാക്കി."

സെന്റ് സ്റ്റീഫൻസിന്റെ ആകർഷകമായൊരു പ്രത്യേകത അത് തീർത്തും അഖിലേന്ത്യാ സ്വഭാവമുള്ളതായിരുന്നുവെന്നതാണ്. വിദ്യാർത്ഥികളിൽ നല്ലൊരു ഭാഗം ബീഹാറികളും രാജസ്ഥാനികളുമായിരുന്നു. വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽനിന്നും ദക്ഷിണേന്ത്യയിൽനിന്നും ധാരാളം പേരുണ്ടാകാറുണ്ട്. അധ്യാപകർക്കിടയിലും ഈ വൈവിധ്യമുണ്ട്. എന്നെ പഠിപ്പിച്ച അധ്യാപകരിൽ ബംഗാളികളും തമിഴനും ഹരിയാനി ജാട്ടും ദൽഹികായസ്ഥനുമുണ്ടായിരുന്നു. ഈ സാർവ്വ ദേശീയത സെന്റ് സ്റ്റീഫൻസനെ മറ്റുമഹാസ്ഥാപനങ്ങളേക്കാളെല്ലാം മേന്മയേറിയതാക്കി. എന്തെല്ലാമായാലും കൽക്കത്തയിലെ പ്രസിഡൻസി കോളേജ് അടിസ്ഥാനപരമായി ബംഗാളികൾക്കുള്ളതാണ്; മദ്രാസ് ക്രിസ്റ്റ്യൻ കോളേജ് മദ്രാസികൾക്കും ഒരു പിടി മലയാളികൾക്കുമുള്ളതാണ്.

സൈദ്ധാന്തികമായി പറഞ്ഞാൽ സെന്റ് സ്റ്റീഫൻസ് ഒരു ക്രൈസ്തവ സ്ഥാപനമാണ്. പക്ഷെ ആ ക്രൈസ്തവത്വത്തിന്ന് ഒരിക്കലും ഊന്നൽ നൽകാറില്ല. ഒന്നാമത്തെ ഇന്ത്യൻ പ്രിൻസിപ്പാളായ എസ്.കെ രുദ്രയും അദ്ദേഹത്തിന്റെ സഹപ്രവർത്തകനും ഇംഗ്ലീഷ്കാരനുമായ സി.എഫ്. ആൻഡ്രൂസുമാണ് സെന്റ് ജോസഫ്സിന്റെ മഹത്വത്തിന്ന് കാരണഭൂതരായവർ. ഇവരുടെ സഹിഷ്ണുതയും വിശാലമനസ്കതയും ക്രൈസ്തവത്വത്തെ ഹൈന്ദവ ഭക്തി പ്രസ്ഥാപനത്തിന്ന് സമശീർഷ്കമാക്കി. പ്രേമം, സേവനം, ദാനശീലം, ധാരണ എന്നിവയായിരുന്നു രണ്ടുപേരുടേയും അടിസ്ഥാന തത്വങ്ങൾ; പിൻഗാമികളും അതേവഴിക്ക് സഞ്ചരിച്ചു.

എന്നാൽ 1990 കളിൽ സുപ്രിം കോടതിയിൽനിന്ന് ഒരു വിധിയുണ്ടായി. ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് അവയിലെ സീറ്റിൽ 50 ശതമാനം വരെ സ്വമത സ്ഥർക്കായി നീക്കിവയ്ക്കാമെന്ന് കോടതി വിധിച്ചു. അതോടെ കൂടുതൽ ക്രൈസ്തവർക്ക് പ്രവേശനം നൽകാൻ സെന്റ് സ്റ്റീഫൻസ് ഭരണാധികാരികളുടെ മേൽ സമ്മർദ്ദം ചെലുത്താൻ തുടങ്ങി. ആ സമ്മർദ്ദം കൊല്ലംതോറും ശക്തിപ്പെട്ടു. സൂക്ഷ്മമായി പറയാനാവില്ലെങ്കിലും, ഇപ്പോൾ സെന്റ് സ്റ്റീഫൻസിലെ വിദ്യാർത്ഥികളിൽ 25 ശതമാനം ക്രൈസ്തവരാണെന്നറിയുന്നു. ഈയിടെ പുതിയൊരറിയിപ്പുണ്ടായി; ആകെ സീറ്റിൽ 40 ശതമാനം ക്രൈസ്തവർക്കായി നീക്കിവച്ചിരിക്കുന്നുവെന്ന് അതിൽ പറയുന്നു. ഇതിന്നുപുറമെ 20 ശതമാനം സ്പോർട്ട്മാന്മാർ, വികലാംഗർ, പട്ടികജാതിക്കാർ തുടങ്ങിയവർക്ക് മാറ്റിവയ്ക്കും. ഇതിനെല്ലാം പുറമെ പ്രിൻസിപ്പാൾ അടക്കമുള്ള കോളേജ് ഭരണാധികാരികൾക്ക് "വേണ്ടപ്പെട്ടവർ"ക്കായും കുറെ സീറ്റ് പോകും. ഇതു ദൽഹിയാണ്. മന്ത്രിമാർ, ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങിയവരെയെല്ലാം പാട്ടിലാക്കേണ്ടതുണ്ടല്ലോ. ചുരുക്കിപ്പറഞ്ഞാൽ ആകെയുള്ള സീറ്റിൽ 75 ശതമാനവും അനർഹർക്ക് പോകും.

"ചർച്ച് ഓഫ് നോർത്ത് ഇന്ത്യ" വകയാണ് ഈ കോളേജ്. ഇതിന്റെ സ്ഥാപകരുടെ മതവിശ്വാസമല്ല ഇന്നത്തെ പള്ളിക്കാർക്കുള്ളത്. സത്യവും ധാരണയുമല്ല, പണവും രാഷ്ട്രീയവുമാണ് പുതിയ ക്രിസ്ത്യാനികളെ നയിക്കുന്നത്. യഥാർത്ഥത്തിൽ ഇവർ "ക്രിസ്ത്യാനി"കളേയല്ല. നരേന്ദ്രമോഡി എങ്ങനെ "ഹിന്ദു"വായിരിക്കുന്നുവോ, ഒസാമ ബിൻ ലാദൻ എങ്ങനെ "മുസ്ലീ"മായിരിക്കുന്നുവോ അതുപോലെ "ക്രിസ്ത്യാനി"യായിരിക്കുന്നവരാണിവർ. വിദ്യാർത്ഥികളെ മതാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നവർ നാളെ അധ്യാപകരേയും മതാടിസ്ഥാനത്തിൽ നിയമിച്ചുതുടങ്ങുമെന്നു പറയേണ്ടതില്ല ⇨

# വർഗ്ഗീയ കോമരങ്ങൾ കലാസൃഷ്ടിക്കെതിരെ

**- അനുപമ കടകൻ -**

ഗുജറാത്തിലെ ബറോഡയിലുള്ള മഹാരാജാ സായാജി റാവു സർവ്വകലാശാലയിലെ സുകുമാരകലാവിഭാഗത്തിൽ മേയ് ഒമ്പതാം തിയ്യതി ഒരു സംഘം പ്രകടനക്കാർ കയ്യേറ്റം നടത്തുകയും ചന്ദ്രമോഹൻ എന്ന കലാവിദ്യാർത്ഥിയെ മർദ്ദിക്കുകയും ചെയ്തു. ചന്ദ്രമോഹൻ വരച്ച ചില ചിത്രങ്ങൾ തങ്ങളുടെ മത വികാരത്തെ വ്രണപ്പെടുത്തുന്നതാണെന്ന് ആക്ഷേപിച്ചുകൊണ്ട് ബി.ജെ.പി. ക്കാരാണ് കയ്യേറ്റം നടത്തിയത്. സർവ്വകലാശാല കാമ്പസ്സിലെ ബഹളത്തെക്കുറിച്ച് അറിഞ്ഞ് രംഗത്തെത്തിയ പോലീസ് അക്രമികളെയല്ല, ചന്ദ്രമോഹനനെയാണ് അറസ്റ്റ് ചെയ്തത്. വിദ്യാർത്ഥിയെ അറസ്റ്റ് ചെയ്യുന്നത് തടയാൻ ശ്രമിച്ച ഫൈൻ ആർട്സ് ഡീൻ എസ്.കെ. പണിക്കരെ പോലീസ് ഭീഷണിപ്പെടുത്തി. ബി.ജെ.പി.ക്കാരുടെ അതിക്രമത്തിന്നും പോലീസുകാരുടെ തോന്നിവാസത്തിന്നുമെതിരെ വ്യാപകമായി പ്രതിഷേധസ്വരമുയർന്നതിനെത്തുടർന്ന് ചന്ദ്രമോഹനെ ജാമ്യത്തിൽ വിട്ടു.

യൂനിവേഴ്സിറ്റി വൈസ് ചാൻസലർ മനോജ് സോനി സ്വീകരിച്ച പക്ഷപാതപരമായ നിലപാടും പ്രതിഷേധത്തിന്നിടയാക്കിയിട്ടുണ്ട്. ബി.ജെ.പി.ക്കാർ നടത്തിയ കയ്യേറ്റത്തെപ്പറ്റി വിദ്യാർത്ഥികൾ നേരിട്ട് പരാതിപ്പെട്ടിട്ടും, അക്കാര്യം പോലീസിൽ റിപ്പോർട്ട് ചെയ്യാൻ വൈസ് ചാൻസലർ കൂട്ടാക്കിയില്ല. അറസ്റ്റ് ചെയ്യപ്പെട്ട ചന്ദ്രമോഹനനെ മോചിപ്പിക്കാൻ നടപടിയെടുക്കാനും അദ്ദേഹം വിസമ്മതിച്ചു. നേരെമറിച്ച് കയ്യേറ്റക്കാർക്ക് നേതൃത്വം നൽകിയ ബി.ജെ.പി. നേതാവായ നീരജ് ജയിനിന്റെ പരാതിക്കാണ് അദ്ദേഹം ചെവികൊടുത്തത്. ചിത്രം വരച്ച ചന്ദ്രമോഹനനും ഫൈൻ ആർട്സ് ഡീൻ പണിക്കരും ബി.ജെ.പി. ക്കാരോട് ക്ഷമാപണം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. രണ്ടാളും അതിന്ന് കൂട്ടാക്കിയില്ല. ഇതിനെത്തുടർന്ന് പണിക്കർ സസ്പെന്റ് ചെയ്യപ്പെട്ടു. ബി.ജെ.പി. ക്കാരുടെ ഭീഷണിമൂലം പണിക്കർ ഒളിവിൽപോയി. ⇨

---

സെന്റ് സ്റ്റീഫൻസ് കോളേജ് സ്ഥാപിച്ചത് ക്രിസ്ത്യാനികളാണെന്നതു ശരി തന്നെ; എന്നാൽ അതുനടത്തുന്നത് ഗവർമ്മേണ്ടാണെന്ന കാര്യം മറക്കരുത്. കോളേജിന്റെ നടത്തിപ്പു ചെലവിന്റെ 95 ശതമാനവും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനാണ് നൽകുന്നത്. ഖജനാവിൽനിന്നുള്ള പണം കൊണ്ടുനടത്തുന്ന ഒരു സ്ഥാപനത്തിലെ സീറ്റിൽ 40 ശതമാനവും ക്രൈസ്തവർക്ക് നൽകുന്നതെങ്ങനെ? ഇന്ത്യയിലെ ജനസംഖ്യയിൽ രണ്ടുശതമാനം മാത്രമാണ് ക്രൈസ്തവർ. ഈ പുതിയ നയത്തിന്ന് ആധാരം "നിയമ"മാണെന്ന് കോളേജധികൃതർ പറയുന്നു. പക്ഷെ ഇത് അധാർമ്മികമാണ്.

മഹത്തായൊരു സ്ഥാപനം വിഭാവനം ചെയ്യുക വിഷമമാണ്; അങ്ങനെയൊന്നു പടുത്തുയർത്തുകയെന്നത് അതിലും വിഷമകരമാണ്. പക്ഷെ അതു നശിപ്പിക്കുക എന്നത് സുഗമമത്രെ.

സെന്റ് സ്റ്റീഫൻസിന്റെ ഇന്നത്തെ ഭരണാധികാരികൾ വിചാരിക്കുന്നതുപോലെ കാര്യം നടത്തുകയാണെങ്കിൽ, സെന്റ് സ്റ്റീഫൻസ് അടുത്തുതന്നെ ഒരു മുസ്ലീം മദ്രസയുടെ, ഹൈന്ദവ പാഠശാലയുടെ ചീഞ്ഞ പ്രതിരൂപമായിത്തീരും.

(1974-79 കാലത്ത് സെന്റ് സ്റ്റീഫൻസിലെ വിദ്യാർത്ഥിയായിരുന്നു ലേഖകൻ)

❑

ചന്ദ്രമോഹൻ വരച്ച ചിത്രം അധിക മാരും കണ്ടിട്ടില്ല; കാരണം ചിത്രങ്ങൾപ്ര ദർശനത്തിനുള്ളതല്ല. വിദ്യാർത്ഥികൾ വരച്ച ചിത്രങ്ങൾ പരിശോധിച്ച് മൂല്യ നിർണ്ണയം നടത്തുക എന്നത് പരീക്ഷ യുടെ ഭാഗമാണ്. അതിന്നായി ചന്ദ്രമോ ഹൻ തയ്യാറാക്കിയ ചിത്രങ്ങളാണിപ്പോൾ ബഹളത്തിന്നിടയാക്കിയിരിക്കുന്നത്. ചന്ദ്ര മോഹൻ വരച്ച ചിത്രങ്ങളിൽ ഒന്നിൽ ദുർഗ്ഗാദേവി രാക്ഷസൻമാരെ പ്രസവിക്കു ന്നതായി കാണിക്കുന്നു. മറ്റൊന്ന് ഒരു കുരിശിന്റെ ചിത്രമാണ്; മൂന്നാമത്തേത് ശിവലിംഗ പ്രതിഷ്ഠയുടേതാണ്. ചന്ദ്രമോ ഹന്നെതിരായ പ്രതിഷേധ പ്രകടനത്തിൽ ബി. ജെ. പി. ക്കാരോടൊപ്പം ചില ക്രൈസ്തവ പുരോഹിതൻമാരും കൂട്ടുകൂ ടുകയുണ്ടായി. (നിസ്സാര കാര്യങ്ങളെച്ചൊ ല്ലിപ്പോലും ക്രൈസ്തവ മിഷനറിമാരെ കടന്നാക്രമിക്കാറുള്ളവരാണ് ഗുജറാ ത്തിലെ ബി.ജെ.പി. ക്കാർ.)

യൂനിവേഴ്സിറ്റിയിൽ നടന്നത് തനിതെ മ്മാടിത്തമാണെന്ന് ബീന ശ്രീനിവാസൻ എന്ന വിദ്യാർത്ഥിനി പറഞ്ഞു. ചിത്രങ്ങൾ പൊതുപ്രദർശനത്തിന്നു വച്ചിട്ടില്ലെന്നതി നാൽ ജയനിന്ന് അകത്തുപ്രവേശിക്കാൻ തന്നെ അധികാരമില്ല. ബി.ജെ.പി. ക്കാരും പോലീസും തമ്മിലുള്ള ഒത്തുകളി പകൽ വെളിച്ചംപോലെ വ്യക്തമാണെന്ന് അവർ പറയുന്നു. "ഞങ്ങളിവിടെ തീർത്തും നിസ്സഹായരാണ്. നീതിയെപ്പറ്റി ചിന്തി ക്കേണ്ട. ഞങ്ങൾക്കിവിടെ ഒന്നു പരാതി പ്പെടാൻപോലും മാർഗ്ഗമില്ല" എന്ന് ബീന പറഞ്ഞു.

ഗുജറാത്തിലെ ജനകീയ പൗരസ്വാ തന്ത്ര്യ യൂണിയൻ ഒരു പ്രതിഷേധപ്രകട നത്തിന്ന് മുതിർന്നപ്പോൾ പോലീസ് അത് വിലക്കുകയാണ് ചെയ്തത്. അതിന്നും പുറമെ, തിരിച്ചറിയൽ കാർഡില്ലാത്ത ആർക്കും കാമ്പസ്സിൽ പ്രവേശനം അനു വദിക്കില്ലെന്ന് വൈസ് ചാൻസലർ പ്രഖ്യാ പിക്കുകയും ചെയ്തു. പ്രകടനത്തിനെ ത്തിയവർ ഗേറ്റിൽ സത്യാഗ്രഹം നടത്തേ ണ്ടിവന്നു. വിശ്വ ഹിന്ദു പരിഷത്തുകാ രായ നൂറ്റമ്പതോളം പേർ രംഗത്തുവന്ന് പ്രകോപനമുണ്ടാക്കാൻ ശ്രമിച്ചു. പോലീ സാകട്ടെ, അതെല്ലാം കണ്ട് കയ്യും കെട്ടി നിന്നതേയുള്ളൂ.

അടുത്തകാലം വരെ അടങ്ങിയൊതുങ്ങി കഴിഞ്ഞിരുന്ന ഒരു കലാകാരനായിരുന്നു ശിവജി പണിക്കർ. എന്നാൽചന്ദ്രമോ ഹന്റെ അറസ്റ്റിനെത്തുടർന്ന് പണിക്കർ കലാപ്രേമികൾക്കിടയിൽ ആരാധനാ പാത്രമായിത്തീർന്നിരിക്കുന്നു. ഇതൊരു വ്യക്തിയുടെ മാത്രം കാര്യമല്ല എന്നാണ് ചന്ദ്രമോഹന്റെ അറസ്റ്റിനെക്കുറിച്ച് അദ്ദേഹം പറഞ്ഞത്. അക്കാദമിക് സ്ഥാപ നങ്ങളുടെ സ്വാതന്ത്ര്യവും സ്വയം നിർണയാവകാശവുമാണ് ഇതിലെ യഥാർത്ഥപ്രശ്നമെന്ന് അദ്ദേഹം പറഞ്ഞു.

ഗുജറാത്തിലെ ബുദ്ധിജീവികൾക്കിട യിൽ യാഥാസ്ഥിതികത്വം വളർന്നുകൊണ്ടി രിക്കുന്നതും വിദ്യാഭ്യാസരംഗത്തെ വർഗ്ഗീ യവാദികൾ കയ്യടക്കുന്നതും പണ്ഡി തൻമാർക്കിടയിൽ ഉത്ക്കണ്ഠയുളവാക്കിയി ട്ടുണ്ട്. മിക്ക സർവ്വകലാശാലകളിലും വൈസ് ചാൻസലർമാർ ആർ. എസ്.എ സ്. അനുചരരാണ്. രാജാവിനേക്കാൾ വലിയ രാജഭക്തി കാണിക്കുന്നവരാണി വർ. 2002ൽ മുസ്ലീമുകളെ കൂട്ടക്കൊലക്കി രയാക്കിയപ്പോഴും ഒരു സൂഫി കവിയായ വാലി ഗുജറാത്തിയുടെ ശവകുടീരം തല്ലി പ്പൊളിച്ചപ്പോഴും ഗുജറാത്തി സാഹിത്യ പരിഷത്ത് മൗനം ദീക്ഷിക്കുകയാണുണ്ടാ യത്. ഗുജറാത്തി മാധ്യമങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല.

സർവ്വകലാശാല അധികൃതരുടെ വർഗ്ഗീയ മനോഭാവം മൂലം പ്രഗത്ഭരായ പല അധ്യാപകരും രാജിവച്ച് പോയിട്ടു ണ്ട്. ചന്ദ്രമോഹനെ അറസ്റ്റ്ചെയ്ത് ലോക്ക പ്പിലടച്ചപ്പോൾ സർവ്വകലാശാലയിൽനിന്ന് ആരുംതന്നെ തിരിഞ്ഞുനോക്കിയില്ല. വിദ്യാർത്ഥികളും അധ്യാപകരും മാത്ര മാണ് പ്രതിഷേധിച്ചത്. "എനിക്കും രാജി വച്ചുപോകാൻ തോന്നുന്നുണ്ട് പക്ഷെ ഈ സ്ഥാപനത്തിനെന്തു സംഭവിക്കും" എന്നാണ് പണിക്കർ പറഞ്ഞത്. ❏

# ഭൂമി മുത്തശ്ശിക്ക് വേണ്ടി.....

**- അഡ്വ. ഉമ എസ്. -**

ഇനിയും മരിക്കാത്ത ഭൂമി നിന്നാസന്ന
മൃതിയിൽ നിനക്കാത്മ ശാന്തി.......

മലയാളകത്തിന്റെ പ്രിയപ്പെട്ട കവി ഒ. എൻ.വി. യുടെ ആകുലതകൾ കവിതയായി ഇങ്ങനെ പുറത്തുവന്നിട്ട് നാളുകളേറെയായി. ഈ ആകുലതകളെ അനുദിനം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ ഭൂമിയെ അനുനിമിഷം ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നു. ഭൂമി മുത്തശ്ശിയാകട്ടെ, തന്റെ മക്കളും കൊച്ചുമക്കളും തന്നിലേക്കു തന്നെ ചേർന്നു നിൽക്കട്ടെ എന്നുകരുതി സഹിച്ചും ക്ഷമിച്ചും ജീവിക്കുന്നു. അതിവിദൂരമല്ലാത്ത ഒരു ദിവസത്തിൽ ഈ മുത്തശ്ശി ശാന്ത സുന്ദരമായ ഒരു നിദ്രയിലാണ്ട്, വെറുമൊരോർമ്മ മാത്രമായി മാറുമോ എന്ന് ആശങ്കപ്പെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഈ ആശങ്കകളിൽ നിന്നുകൊണ്ടാണ് "ജീവിക്കുന്ന ഭൂമിയുടെ കൂട്ടുകാർ" (Friends of Live Earth) ജൂലൈ ഏഴാം തിയ്യതി ആഗോളതലത്തിലുള്ള ഒരു ആഘോഷം സംഘടിപ്പിച്ചത്. ആശങ്കകൾക്കിടയിലും ആഘോഷം! കൊഴിഞ്ഞുപോയ നല്ലകാലത്തെ തിരിച്ചുകൊണ്ടുവരാൻ പരിശ്രമിക്കും എന്ന പ്രതിജ്ഞയും ഒപ്പം ആ പ്രതിജ്ഞ എല്ലാവരും പാലിക്കുന്ന ലോകം എന്ന ഒരു സ്വപ്നവും. അതാണ് "ജീവിക്കുന്ന ഭൂമിക്ക്"വേണ്ടിയുള്ള ആഘോഷങ്ങൾക്ക് അടിസ്ഥാനമായത്.

അമേരിക്കൻ മുൻ വൈസ് പ്രസിഡന്റ് അൽഗോറയുടെ നേതൃത്വത്തിലാണ് ഇത്തരത്തിലുള്ള ഒരു ദിനം ലോകം മുഴുവൻ ആഘോഷിക്കാനുള്ള ശ്രമങ്ങൾ നടന്നത്. ഭൂമിയിലെ കാലാവസ്ഥാവ്യതിയാനങ്ങളും, അവയുടെ പ്രത്യാഘാതങ്ങളുമാണ് പ്രധാനമായും ഈ ദിവസത്തിൽ ചർച്ചചെയ്യപ്പെട്ടത്. ഒപ്പം മറ്റു പാരിസ്ഥിതിക പ്രശ്നങ്ങളും

* ഊർജസ്രോതസുകളുടെ, പ്രത്യേകിച്ചും പുനരുല്പാദനം സാധ്യമാകാത്ത ഊർജസ്രോതസ്സുകളുടെ, അമിത ഉപയോഗവും തൽഫലമായി ഉണ്ടാകുന്ന മലിനീകരണവും.
* പരിസ്ഥിതിയെ സാരമായി ബാധിക്കുന്ന ആഗോളവൽക്കരണ നയങ്ങൾ.
* അശാസ്ത്രീയമായുള്ള മാലിന്യ നിർമ്മാർജന രീതികൾ.
* റീ സൈക്കിൾ ചെയ്യാൻ സാധ്യമല്ലാത്ത വിധത്തിലുള്ള അജൈവ, ഖര മാലിന്യങ്ങൾ (Non-Organic solid waste).

ഇവയെല്ലാം തന്നെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ പരിസ്ഥിതിയെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങളാണ്. നാമെല്ലാംതന്നെ ഈ വിഷയത്തിന്റെ ഗൗരവത്തെ കണക്കിലെടുക്കാതെ സുഖമായി ഹിമക്കരടികളെപ്പോലെ നിദ്രയിലാണ്ടിരിക്കുന്നു.

കാർബൺഡൈ ഓക്സൈഡിന്റെ (CO2) ഉപയോഗം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഉപഭോഗ സംസ്കാരത്തിന്റെ ആഡംബരങ്ങൾ ഈ ഉല്പാദനവർദ്ധനവിന്റെ പ്രധാനകാരണങ്ങളിൽ ഒന്നാണ്. കാർബൺഡൈ ഓക്സൈഡിന്റെ അമിത ഉപയോഗം "ആഗോളതാപനത്തിന" (Global Warming) വഴിയൊരുക്കുന്നു.

ആഗോളതാപനം ആർടിക് മേഖലകളിലെ മഞ്ഞുരുകലിന് കാരണമാകുന്നു. തൽഫലമായി ഉണ്ടാകുന്ന ജലം സമുദ്രങ്ങളിൽ നിറഞ്ഞ് സമുദ്രജലനിരപ്പിൽ വൻ വർദ്ധനവുണ്ടാക്കുന്നു. ഭുമിയെ പോലെ 3/4 ഭാഗം വെള്ളം നിറഞ്ഞ ഒരു ഗ്രഹത്തിന് അവശേഷിക്കുന്ന 1/4ൽ

താങ്ങാവുന്നതിലധികം ഭാരം ചുമന്നു നിൽക്കുന്ന ഈ ഗ്രഹത്തിന് ഇത്തരത്തിലുള്ള ജലവർദ്ധനവ് ആശങ്കാജനകമാണ്.

ആകാശം, വായു, അഗ്നി, ജലം, മണ്ണ് ഇവയെല്ലാം ഒരുമിച്ച് ചേരുന്നതാണല്ലോ പരിസ്ഥിതി. അപ്പോൾ പരിസ്ഥിതി സംരക്ഷണം എന്നതിൽ ഇവയുടെ എല്ലാം സംരക്ഷണം ഉൾപ്പെട്ടിരിക്കുന്നു. ഇവയിൽ ഏതെങ്കിലുമൊന്നിന്റെ ഘടനയിൽ ഉണ്ടാകുന്ന ഏതെങ്കിലും തരത്തിലുള്ള മാറ്റം മറ്റുള്ളവയെ എല്ലാറ്റിനേയും, ഭൂമിയുടെ സംതുലിതാവസ്ഥയെതന്നെയും താളം തെറ്റിക്കും.

ഇവിടെയാണ് "ഭൗമ സംരക്ഷണ"ത്തിന് പ്രസക്തി ഏറുന്നത്. അന്താരാഷ്ട്ര ഉടമ്പടികളോ, നിയമനിർമാണമോ കൊണ്ടുമാത്രം പരിസ്ഥിതിസംരക്ഷണം സാധ്യമല്ല. മറിച്ച് ജനങ്ങൾ സ്വയം ഉണ്ടാക്കിയെടുക്കുന്ന ഒരു അവബോധവും അവക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള ഒരു മനസ്സുമാണാവശ്യം. ഈ സന്ദർഭത്തിൽ ഇങ്ങനെ ഒരു ഭൗമ ദിനാഘോഷത്തിന് പ്രസക്തി വളരെയുണ്ട്.

ലൈവ് എർത്ത് അഥവാ ജീവിക്കുന്ന ഭൂമി എന്നത് ഒരു ബഹുവത്സര ഭൗമ സംരക്ഷണ പ്രചരണപരിപാടിയുടെ തുടക്കമായാണ് ആരംഭിച്ചത്.

ഭൂമിക്കുവേണ്ടി ആഘോഷിച്ച ഈ ദിനത്തിന്റെ ഭാഗമാകാൻ ജനനീതി കുടുംബം ഒത്തുചേർന്നിരിക്കുന്നു. പരിസ്ഥിതി മലിനീകരണവും അവയുമായി ബന്ധപ്പെട്ട വിഷയങ്ങളും, യാഥാർത്ഥ്യങ്ങളും വെളിവാക്കുന്ന നാലു ഹ്രസ്വ ചിത്രങ്ങളുടെ പ്രദർശനമായിരുന്നു ജനനീതിയുടെ ആഘോഷത്തിൽ പ്രധാനമായിരുന്നത്. ജൂലൈമാസം 9-ാം തിയ്യതി മണ്ണുത്തി ഫോറസ്റ്ററി കോളേജിന്റെ സെമിനാർ ഹോളിൽ ആയിരുന്നു ജനനീതി ഈ പരിപാടി സംഘടിപ്പിച്ചത്. ഇതിൽ ജനനീതിയോടൊപ്പം, ചേതന മീഡിയ ഇൻസ്റ്റിട്യൂട്ടും ഹോർട്ടി കൾച്ചറൽ, ഫോറസ്റ്ററി കോളേജുകളും പങ്കുചേർന്നു. ഹോർട്ടി കൾച്ചറൽ കോളേജ് വിദ്യാർത്ഥി യൂണിയന്റെ സജീവ സാന്നിധ്യം അഭിനന്ദനാർഹമാണ്.

കാർഷിക സർവ്വകലാശാലയിലേയും, അനുബന്ധസ്ഥാപനങ്ങളിലേയും അധ്യാപക-വിദ്യാർത്ഥി സുഹൃത്തുക്കൾ അവിടെ ജനനീതിക്കൊപ്പം ഉണ്ടായിരുന്നു.

ആർ.ആർ. ശ്രീനിവാസന്റെ വഴിയിലെ പാട്ട് ((Song of the road), The last rain dance, ഒരു മഴുവിന്റെ ദൂരം മാത്രം (ശരത്ചന്ദ്രൻ, ബാബുരാജ്), മഴ(ഷൈനി ജേക്കബ് ബഞ്ചമിൻ) ഇവയായിരുന്നു നാലു പ്രധാനപ്പെട്ട ഹ്രസ്വ ചിത്രങ്ങൾ ഇവക്കൊപ്പംതന്നെ സൂപ്പർ പൗവർ ബ്ലോക്ക് (Super power block), Earth എന്നിങ്ങനെ രണ്ട് കാർട്ടൂൺ ചിത്രങ്ങളും പ്രദർശിപ്പിച്ചു. കാർട്ടൂൺ ചിത്രങ്ങൾ രണ്ടും കാർബൺഡൈ ഓക്സൈഡ് എങ്ങിനെ പരിസ്ഥിതി മലിനീകരണ ഹേതുവാകുന്നുവെന്നും എപ്രകാരം ഈ തരം മലിനീകരണങ്ങൾ നമ്മളാൽ കുറക്കാൻ സാധിക്കും എന്നും ചിത്രീകരിച്ചിരിക്കുന്നു.

ശ്രീനിവാസന്റെ അനിമേഷൻ ചിത്രം വഴിയിലെപാട്ട് ഒരൊറ്റ ദൃശ്യം കൊണ്ട് ഒരാശയം ഒട്ടാകെ വെളിവാക്കാൻ ഉതകുന്നതരത്തിലുള്ളതായിരുന്നു. ഒരു കൂട്ടം ചിത്രശലഭങ്ങളെ ചതച്ചരച്ചു പായുന്ന ഒരു മോട്ടോർ ബൈക്ക് പ്രകൃതിയുടെ സംതുലനാവസ്ഥയുടെ കടക്കൽ കത്തിവയ്ക്കുന്ന ഇന്നത്തെ മനുഷ്യസംസ്കാരത്തിന്റെ പ്രതീകമായി ചിത്രീകരിച്ചിരിക്കുന്നു. പരിസ്ഥിതി ദുരന്തങ്ങളും പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയുമെല്ലാം ഈ ഒരൊറ്റ ദൃശ്യംകൊണ്ട് നമുക്ക് വായിച്ചെടുക്കാൻ സാധിക്കും.

The last rain dance എന്ന അനിമേഷൻ ചിത്രം, വരൾച്ചയാൽ മുരടിച്ചമണ്ണും, കൃഷിനാശത്തിൽ മനസുമുരടിച്ച

മനുഷ്യനും നേരിടുന്ന ദുരവസ്ഥയുടെ ഒരു കാഴ്ച ആയിരുന്നു. കാലാവസ്ഥാ വ്യതിയാനങ്ങൾ കർഷകജീവിതത്തിന്റെ ഗതിതന്നെ മാറ്റിമറിക്കും എന്നും, കൊടും പട്ടിണിയിലേക്കും, ദുരിതത്തിലേക്കും മനുഷ്യനെ വലിച്ചെറിയും എന്നും ഈ ചിത്രത്തിലൂടെ സംവിധായകൻ വരച്ചുകാട്ടിയിരിക്കുന്നു.

ശരത്ചന്ദ്രനും, ബാബുരാജും ചേർന്നു തയ്യാറാക്കിയ ഒരു മഴുവിന്റെ ദൂരം മാത്രം എന്ന നാൽപ്പതുമിനിട്ടു ദൈർഘ്യമുള്ള ഡോക്യുമെന്ററി ചിത്രം ശരിക്കും അർത്ഥപൂർണ്ണമായിരുന്നു. സൈലന്റ് വാലിയുടെ സൗന്ദര്യത്തിനു മാറ്റുകൂട്ടുന്ന കുന്തിപ്പുഴക്ക് കുറുകെ പാത്രക്കടവ് ജലവൈദ്യുത പദ്ധതി നിർമ്മാണത്തിനുള്ള ഗവൺമെന്റ് പദ്ധതിയെ അധികരിച്ചായിരുന്നു ഈ ഡോക്യു ചിത്രം. സൈലന്റ് വാലിയുടെ നിശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് അവിടെ ഉയർന്നുവരാൻ പോകുന്ന ജലവൈദ്യുത പദ്ധതി ഒരു സംസ്കാത്തിന്റെ തന്നെ നാശത്തിന് കാരണമാകുമെന്ന് ഈ പദ്ധതിയെ എതിർക്കുന്നവർ അഭിപ്രായപ്പെടുന്നു. കുന്തിപ്പുഴയും, പുഴ ഒഴുകുന്ന വഴിയും, പുഴ സമ്പുഷ്ടമാക്കുന്ന വള്ളുവനാടിൻ പച്ചപ്പും ഒക്കെ ഇല്ലാതെയാക്കാൻ ഈ ഒരൊറ്റ പദ്ധതി മതിയാകുമെന്നും ബോധ്യപ്പെടുത്തുന്നതായിരുന്നു ഒരു മഴുവിന്റെ നീളം മാത്രം എന്ന ഈ ഡോക്യു ചിത്രം. മാറിമാറി വരുന്ന ഭരണകൂടങ്ങളും അവരുടെ വികലമായ വികസന പദ്ധതികളും പരിസ്ഥിതി സംരക്ഷണത്തിന് എത്രത്തോളം ഊന്നൽ നല്കിയിട്ടുണ്ടെന്ന് നമ്മെ ഒന്നു ചിന്തിപ്പിക്കാൻ ഈ വെളിപ്പെടുത്തലിന്നായിട്ടുണ്ട്.

ഒടുവിലായി "മഴ" എന്ന ചെറു ചിത്രം കൂടികണ്ട് ജനനീതി കുടുംബം ഭൂമിദിനത്തിൽ പിരിഞ്ഞു. കേരളത്തിന്റെ മഴക്കാഴ്ചകൾ ആയിരുന്നു ഷൈനി ജേക്കബ് ബഞ്ചമിന്റെ ഈ ചെറുചിത്രത്തിന്നാധാരം. കൂട്ടത്തിൽ ഇപ്പോൾ ഏറ്റവും പ്രസക്തമായ ഒന്നാണ് ഈ മഴ ചിത്രം എന്നെനിക്ക് തോന്നുന്നു. കാലവർഷവും, മഴക്കാലരോഗങ്ങളും നിറയുന്ന കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ അനുയോജ്യമായ ഒന്നായിരുന്നു ഇത്.

കേരളത്തിലെ മൂന്നു ഭൂപ്രദേശങ്ങളിലെ മഴയുടെ രീതിയും ജനജീവിതത്തെ മഴ എങ്ങിനെ ബാധിക്കുന്നു എന്നൊരു ചിന്താശകലവുമായിരുന്നു ഈ ചെറുചിത്രത്തിന്റെ ഇതിവൃത്തം. മൂന്നാറിൽ പെയ്യുന്ന മഴ അവിടുത്തെ തോട്ടം തൊഴിലാളികളുടെ ജീവിതത്തിനെ ബാധിക്കുന്നത് എപ്രകാരമാണ് എന്ന് ഇവിടെ ചിത്രീകരിച്ചിരിക്കുന്നു.

മൂന്നാറിൽനിന്നും കുട്ടനാടെത്തുമ്പോഴേക്കും മഴ ഒരു ദുരിത ചിത്രമാണ് നല്കുന്നത്. വെള്ളപ്പൊക്കം, ദാരിദ്ര്യം, രോഗം, വറുതി, കൃഷി നാശം അങ്ങിനെ ഒരുപാടൊരുപാട് മുഖങ്ങൾ ഈ കുട്ടനാടൻ മഴക്കാഴ്ചകളിൽ തെളിവാകും.

തീരപ്രദേശത്തെ മഴയിൽ കടൽ കൂടുതൽ ഭീകരരൂപിയാകുന്നു. കടൽക്ഷോഭവും, മത്സ്യബന്ധനത്തിനു പോകാനാകാത്ത അവസ്ഥയും എല്ലാം തീരപ്രദേശത്തെ മഴക്കാഴ്ചകൾ ആണ്. കടൽക്ഷോഭം ചെറുക്കാനുള്ള ശാസ്ത്രീയമായ പഠനം ഇല്ലാത്തതും, കടൽഭിത്തി നിർമ്മാണത്തിൽ ഭരണകൂടത്തിന്റെ നിശബ്ദതയും എല്ലാം ചേർന്ന് മറ്റൊരു ദുരിതമുഖമാണ് ഇവിടെ.

നഗരത്തിലെ മഴ ജനജീവിതത്തിന്റെ താളം തെറ്റിക്കുന്നു. മഴവെള്ളം ഒലിച്ചുപോകാനോ നിർഗമിക്കാനോ നിവർത്തിയില്ലാതെ മഴ ശരിക്കും ബുദ്ധിമുട്ടിക്കുന്നു നഗരങ്ങളിൽ.

ഇങ്ങനെ നീളുന്നു മഴക്കാഴ്ചകൾ.

സ്വച്ഛവും, മലിനീകരണ വിമുക്തവും ആയ ഒരു പരിസ്ഥിതിയിൽ ജീവിക്കുക എന്നത് എല്ലാവരുടേയും "മൗലിക അവകാശമാണ്". അതോടൊപ്പം തന്റെ ചുറ്റുപാടും ഉള്ള പ്രകൃതിയെ സംരക്ഷി

# വിവരാവകാശനിയമത്തെ നേരിടാൻ ഗുണ്ടായിസം

**- വൈ.ജി. മുരളീധരൻ -**

**വി**വരാവകാശനിയമം പ്രാബല്യത്തിൽ വന്നശേഷം അതിന്റെ പ്രയോജനത്തെപ്പറ്റിയും ഗുണഗണങ്ങളെപ്പറ്റിയും ഒരുപാട് ചർച്ച നടന്നിട്ടുണ്ട്. സൽഭരണം കൈവരുത്താനുള്ള ഒന്നാന്തരമൊരു കരുവാണ് വിവരാവകാശനിയമമെന്ന് പലരും സമർത്ഥിക്കുന്നു. ഈ നിയമത്തിന്ന് അടിസ്ഥാനപരമായി രണ്ടു വശങ്ങളുണ്ട് - ചോദനയും പ്രദാനവും. ഇതുരണ്ടും പൊരുത്തപ്പെട്ടാലേ നിയമം ഫലപ്രദമാകൂ.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യയിലുണ്ടായിട്ടുള്ള ഏറ്റവും നല്ല നിയമനിർമ്മാണമാണ് വിവരാവകാശനിയമമെങ്കിലും അതിന്റെ പ്രദാനവശം വികലമാണെന്ന് രാജ്യത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. വിവരാവകാശനിയമപ്രകാരം വിവരം നൽകാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ, വിവരം ചോദിച്ച ആളെ ഭീഷണിപ്പെടുത്തിയാൽ എന്തുചെയ്യും? ചിലർക്ക് തല്ലുകിട്ടിയതായി റിപ്പോർട്ടുണ്ട്.

കർണ്ണാടകത്തിലെ ഹാവേരി ജില്ലയിലെ റാത്തെബന്നൂർക്കാരനായ ഒരു ജർണലിസ്റ്റാണ് ജെ.എം. രാജശേഖരൻ. വിവരാവകാശനിയമം പ്രചരിപ്പിക്കുന്നതിലും പ്രയോജനപ്പെടുത്തുന്നതിലും മുന്നിട്ടുനിൽക്കുന്ന ആൾകൂടിയാണിദ്ദേഹം. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച ചില വിവരങ്ങൾക്കായി രാജശേഖരൻ വിവരാവകാശനിയമപ്രകാരം ഒരപേക്ഷ സമർപ്പിച്ചു. രാജശേഖരൻ ആവശ്യപ്പെട്ടവിവരം നൽകാനോ അതല്ലെങ്കിൽ അപേക്ഷ തിരസ്കരിക്കാനോ കോർപ്പറേഷൻ തയ്യാറായില്ല. പകരം ഒരു വക്കീൽ നോട്ടീസാണ് രാജശേഖരന് ലഭിച്ചത്. രാജശേഖരന്നെതിരെ സിവിലായും ക്രമിനലായും കേസെടുക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന പ്രസ്തുത കത്തിൽ രണ്ടായിരം രൂപ വക്കീൽ ഫീസായി അടയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്.

⇨

---

ക്കുകയും അതിന്റെ സംതുലനാവസ്ഥ നിലനിർത്തുകയും ചെയ്യേണ്ടത് ഒരു മൗലിക കടമയും കൂടി ആണ്. തന്റെ സമൂഹത്തെപ്പറ്റി തീരെ ബോധവാനല്ലാത്ത മനുഷ്യന് ഇത്തരം ചില ഓർമ്മപ്പെടുത്തലുകൾ അത്യാവശ്യമാണ്. മാറിമാറിവരുന്ന ഭരണകൂടങ്ങൾ മലിനീകരണ നിയന്ത്രണ പദ്ധതികൾ തുടങ്ങിവയ്ക്കും. പക്ഷെ അവ എന്നും ഏടുകളിലെ പശുക്കളായിതന്നെ ഇരിക്കും. മഴക്കെടുതികളെ നിയന്ത്രിക്കാൻ പട്ടാളവും വരൾച്ചയിൽ മഴ പെയ്യാൻ യാഗവും അല്ല നമുക്കാവശ്യം. പല്ലും നഖവും ഉള്ള ഒരു ഭരണസംവിധാനം. പരിസ്ഥിതി മലിനീകരണത്തിന്റെ ദോഷങ്ങളെ അറിഞ്ഞ് ചെറുക്കാൻ കരുത്തുള്ള ഒരു പോരാളി ആയി മാറണം നമ്മുടെ ഭരണനേതൃത്വം.

വാർദ്ധക്യം പഴയതാക്കിയ സ്വന്തം മാതാപിതാക്കളെ തിരിഞ്ഞുനോക്കാത്ത മനുഷ്യത്വത്തിന്, പരിസര സംരക്ഷണ ബോധം ഉണ്ടാക്കാൻ ആയില്ലെങ്കിലും, വെറുതെയെങ്കിലും ഒന്നു ചിന്തിക്കാൻ ഈ ദിവസം പ്രയോജനപ്പെട്ടു എന്ന ശുഭാപ്തിവിശ്വാസത്തിൽ ആശ്വസിച്ച്, ആസന്നമായ മൃതിയിൽനിന്നും ഒരു പുനർജനിയിലേക്ക് നമ്മുടെ ഭൂമിയെ നമുക്കെല്ലാം ചേർന്ന് കൈപിടിച്ചുയർത്താം....

❑

കോലാർ ജില്ലയിലെ ചിന്താമണി താലൂക്കിലെ ഒരു സന്നദ്ധ പ്രവർത്തക നാണ് മഞ്ചുനാഥ റെഡ്ഡി. ജനജാഗ്രതി വേദി എന്നൊരു സന്നദ്ധസംഘടന യുടെ നേതാവാണിദ്ദേഹം. ആ പ്രദേ ശത്തെ റോഡ് നിർമ്മാണം മഹാമോ ശമാണെന്ന് കണ്ട അദ്ദേഹം റോഡ് നിർമ്മാണം സംബന്ധിച്ച രേഖ കൾക്കായി അപേക്ഷ സമർപ്പിച്ചു. ക്വാളിറ്റി ഇൻസ്പെക്ടറെ കൊണ്ടുവന്ന് പണി നടത്തിയ രീതി കാണിച്ചുകൊ ടുത്തു. രണ്ടു ലക്ഷം രൂപയുടെ പണി നടത്താതെ വിട്ടുകളഞ്ഞിട്ടുണ്ടെന്നും, എന്നാൽ അയാൾ പണം പറ്റിക്കഴിഞ്ഞു വെന്നും ഇൻസ്പെക്ടർക്ക് ബോധ്യം വന്നു.

ഇതിനെത്തുടർന്ന് കരാറുകാരൻ മഞ്ചുനാഥ റെഡ്ഡിക്കെതിരെ ഗുണ്ടകളെ രംഗത്തിറക്കി; മാത്രമല്ല, അയാൾ നാട്ടു കാരെപ്പോലും റെഡ്ഡിക്കെതിരെ തിരിച്ചു വിട്ടു. അവർ റെഡ്ഡിയെ തല്ലിയെങ്കിലും ഇൻസ്പെക്ടർക്ക് കാര്യം ബോധ്യം വരികയും പണി ശരിക്ക് നടത്തിക്കു കയും ചെയതു.

മൈസൂരിലെ ഒരു ഉപഭോക്തൃ സംര ക്ഷണ പ്രവർത്തകനായ രവീന്ദ്രനാ ഥിന്റെ സ്ഥിതി ഇതിലും കഷ്ടമാണ്. ഒരാൾകെട്ടിട നിർമ്മാണ നിയമം ലംഘി ച്ചുകൊണ്ട് കെട്ടിട നിർമ്മാണം നടത്തു ന്നതായി രവീന്ദ്രനാഥ് കണ്ടെത്തി. ജന വാസ മേഖലയിൽ കച്ചവടത്തിന് കെട്ടിടം നിർമ്മിക്കാൻ പാടില്ല. ഈ നിയമം ലംഘിച്ചുകൊണ്ട് ഒരാൾ ഒരു കച്ചവടസ്ഥലം നിർമ്മിച്ചു. ഈ കെട്ടിട നിർമ്മാണ സംബന്ധമായ രേഖകൾ രവീന്ദ്രനാഥ് വിവരാവകാശനിയമ ത്തിന്റെ സഹായത്തോടെ സമ്പാദിച്ചു. അടുത്ത ദിവസം തന്നെ അജ്ഞാത രായ ചിലർ രവീന്ദ്രനാഥിന്റെ വീട് തല്ലി ത്തകർത്തു.

ഒരാൾ ഏതെങ്കിലും വിവരം ആവശ്യ പ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിക്കു മ്പോൾ, അതെന്തിനാണെന്ന് പറയേണ്ട തില്ല; അത് ചോദിക്കാൻ ഉദ്യോഗ സ്ഥൻമാർക്ക് അധികാരവുമില്ല. എന്നാൽ ചിലർ അത് ചോദിച്ചുമനസ്സി ലാക്കും. അത് അനാവശ്യ പ്രശ്ന ങ്ങൾക്കിടയാക്കും മൈസൂർ ജില്ലാ വിവ രാവകാശവേദിയുടെ പ്രവർത്തകയായ സവിത, മൈസൂർ കെ.ആർ. ആസ്പ ത്രിയിലെ ഡോക്ടർമാർ വന്നതും പോയതുമായ സമയത്തിന്റെ വിവരം കിട്ടാൻ അപേക്ഷ സമർപ്പിച്ചു. ആ വിവരം കിട്ടി. പക്ഷെ ഏതൊരു ഡോക്ടറുടെ ഹാജർ കാര്യമാണോ ഉദ്ദേശിച്ചത്, ആ ഡോക്ടറുടെ കയ്യിൽനി ന്നുതന്നെ അതുവാങ്ങാൻ സവിത നിർബന്ധിതയായി.

വിവരാവകാശനിയമം കയ്യാളുന്നവരെ ഉദ്യോഗസ്ഥൻമാരെന്നല്ല വക്കീൽ മാർപോലും ദ്രോഹിക്കാൻ തുടങ്ങിയി ട്ടുണ്ട്. ബാംഗ്ലൂരിൽ ഒരു അഴിമതിവിരു ദ്ധവേദിയുണ്ട്. അതിന്റെ സജീവ പ്രവർത്തകനായ വീരേശ് അഴിമതി നട ക്കുന്ന വേദികളിലെല്ലാം വിവരാവകാ ശനിയമപ്രകാരം വിവരം ശേഖരിക്കും. വീരേശ് മറ്റുള്ളവർക്കുവേണ്ടി വക്കീൽപണി നടത്തുന്നുവെന്നാരോപി ച്ചുകൊണ്ട് ഒരു വക്കീൽ ഇൻഫർമേ ഷൻ കമ്മീഷണർക്ക് ഹർജി സമർപ്പിച്ചു! കാര്യം മനസ്സിലാക്കി വക്കീലിനെ ക്കൊണ്ട് ഹർജി പിൻവലിപ്പിക്കാൻ ഇൻഫർമേഷൻ കമ്മീഷണർക്ക് നന്നേ പാടുപെടേണ്ടിവന്നു.

അഴിമതി പുറത്തുകൊണ്ടുവന്ന തിന്ന് വധിക്കപ്പെട്ട സത്യേന്ദ്ര ദുബേയു ടേയും മഞ്ചുനാഥിന്റേയും വിവരങ്ങൾ രാജ്യത്താകെ പ്രചാരം ലഭിക്കുകയു ണ്ടായി. എന്നാൽ വിവരാവകാശനിയമം എടുത്തുപയോഗിച്ചതിന്ന് ഭീഷണിക്കി രയാകുകയും മർദ്ദിക്കപ്പെടുകയും ചെയ്യുന്നവരുടെകാര്യം ആരും അറിയാ റില്ല. നിയമം എടുത്തുപയോഗിക്കുവ ന്നവരെ ദ്രോഹിക്കുന്നത് കുറ്റകരമാ ക്കുന്ന ഒരു ഭേദഗതി വിവരാവകാശനി യമത്തിന്നാവശ്യമാണോ?

❑

# 2005ലെ വിവരാവകാശ നിയമമനുസരിച്ച് സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ ശിക്ഷിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ

| നമ്പർ | പേരും വിലാസവും | ഉത്തരവ് തിയ്യതി | പിഴശിക്ഷ |
|---|---|---|---|
| 1. | കെ.കെ. ശങ്കരൻകുട്ടി<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>കൊച്ചി കോർപ്പറേഷൻ. | 21-12-06 | 25000/- |
| 2. | കെ.കെ. രമണി<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>ആഭ്യന്തരവകുപ്പ്. | 27-12-06 | 14750/- |
| 3. | പി.കെ. നാരായണൻ<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>ജില്ലാ വ്യവസായ കേന്ദ്രം<br>കോഴിക്കോട്. | 08-01-07 | 3500/- |
| 4. | ബി. കൃഷ്ണചന്ദ്രൻ<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>പബ്ലിക് സർവ്വീസ് കമ്മീഷൻ<br>തിരുവനന്തപുരം. | 11-01-07 | 13000/- |
| 5. | വി.ആർ. അശോകൻ<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>വില്ലേജ് ഓഫീസ്, അമ്പലപ്പുഴ. | 25-01-07 | 19000/- |
| 6. | കെ. സുകുമാരൻ<br>ജില്ലാ എഡ്യുക്കേഷൻ ഓഫീസ്<br>തലശ്ശേരി. | 22-02-07 | 1250/- |
| 7. | കെ.പി. മാത്യു<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>തദ്ദേശ സ്വയംഭരണ വകുപ്പ്<br>സെക്രട്ടറിയേറ്റ്, തിരുവനന്തപുരം. | 23-02-07 | 8000/- |
| 8. | ജെ. സദാനന്ദൻ<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>പഞ്ചായത്ത് ഡയറക്ടറേറ്റ്<br>തിരുവനന്തപുരം. | 23-02-07 | 9500/- |
| 9. | സി.എസ്. ശ്രീകുമാരൻ നായർ<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>കെ.ടി.ഡി.എഫ്.സി.<br>തിരുവനന്തപുരം. | 28-02-07 | 6750/- |
| 10. | ആർ. ഗോപി<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>കെ.എസ്.ആർ.ടി.സി.<br>കായംകുളം. | 01-03-07 | 1500/- |
| 11. | എസ്. രത്നകുമാരൻ<br>എം.ഡി., ഫോം മാറ്റിങ്ങ്സ്<br>ആലപ്പുഴ. | 02-03-07 | 2750/- |
| 12. | ഡോ. എം.എ. രവീന്ദ്രൻ<br>സൂപ്രണ്ട്, മെഡിക്കൽ കോളേജ്<br>നെഞ്ചുരോഗാശുപത്രി, തൃശൂർ. | 02-03-07 | 25000/- |

| | | | |
|---|---|---|---|
| 13. | കെ.കെ. രമണി<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>ആഭ്യന്തരവകുപ്പ്, തിരുവനന്തപുരം. | 16-03-07 | 10750/- |
| 14. | കെ. കൃഷ്ണൻകുട്ടി<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>പരീക്ഷാഭവൻ, തിരുവനന്തപുരം. | 23-03-07 | 25000/- |
| 15. | ഡി. ശശിധരൻ<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>റീസർവ്വെ സൂപ്രണ്ട് ഓഫീസ്<br>അഞ്ചൽ. | 27-03-07 | 3000/- |
| 16. | കെ. കുമാരൻ<br>തഹസിൽദാർ, ഹോസ്ദുർഗ്ഗ്. | 28-03-07 | 17500/- |
| 17. | മറിയാമ്മ ജോൺ<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>അതിരമ്പുഴ ഗ്രാമപഞ്ചായത്ത്. | 30-03-07 | 1071/- |
| 18. | ബാബു മാത്യു<br>ജൂനിയർ സൂപ്രണ്ട്<br>അതിരമ്പുഴ ഗ്രാമപഞ്ചായത്ത്. | 30-03-07 | 1929/- |
| 19. | ഇന്ദിര പ്രിയദർശിനി<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>ഡി.ഇ.ഒ. ഓഫീസ്, പാലക്കാട്. | 23-03-07 | 2075/- |
| 20. | പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>ഡി.ഇ.ഒ. ഓഫീസ്, പാലക്കാട്. | 23-03-07 | 11175/- |
| 21. | പബ്ലിക് ഇൻഫർമേഷൻ ഓഫീസ്<br>ഗവ. ഹയർ സെക്കന്ററി സ്ക്കൂൾ<br>പൂവ്വത്തൂർ, നെടുമങ്ങാട്. | 02-04-07 | 2750/- |
| 22. | എ.എൻ. ബാലകൃഷ്ണൻ നായർ<br>എൻ.എസ്.എസ്. ഹയർ സെക്കന്ററി<br>സ്ക്കൂൾ, ആനിക്കാട്. | 09-04-07 | 25000/- |
| 23. | എം. സലീന ബീഗം<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>വിദ്യാഭ്യാസ ഡി.ഡി. ഓഫീസ്<br>തിരുവനന്തപുരം. | 11-04-07 | 1750/- |
| 24. | വി.കെ. വൈദ്യൻ<br>പ്രൊഫ., കേരളസർവ്വകലാശാല<br>തിരുവനന്തപുരം. | 13-04-07 | 2250/- |
| 25. | എം.ഡി. തങ്കപ്പൻ<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>പ്ലാനിംഗ് ഓഫീസ്, ആലപ്പുഴ. | 17-04-07 | 12500/- |
| 26. | ജെ. ബീന<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>വിദ്യാഭ്യാസ ഡയറക്ടർ ഓഫീസ്<br>തിരുവനന്തപുരം. | 19-04-07 | 3750/- |
| 27. | ജെ. തുളസീഭായി<br>പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>കോളീജിയറ്റ് എഡ്യൂക്കേഷൻ<br>ഡയറക്ടർ ഓഫീസ്<br>തിരുവനന്തപുരം. | 02-05-07 | 25000/- |

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

# വിചാരണ കൂടാതെ 54 കൊല്ലം തടവിൽ

വിചാരണകൂടാതെ ഏതാണ്ടൊരായുഷ്കാലം തടവിൽ കിടക്കേണ്ടി വന്ന ഒരാളെക്കുറിച്ചുള്ള ഒരു ഡോക്കുമെന്ററി ആസാമിന്റെ തലസ്ഥാന നഗരിയായ ഗുവാഹതിയിൽ പ്രദർശിപ്പിക്കപ്പെട്ടു. ഈ ഡോക്യുമെന്ററി യുടെ പ്രദർശനം കാണാൻ, അതിലെ ദുരന്ത നായകനെത്തന്നെ ഹാളിൽ ഹാജരാക്കിയെന്നതായിരുന്നു പ്രദർശനത്തിന്റെ പ്രത്യേകത.

മധ്യ ആസാമിലെ മോറിഗവോൺ ജില്ലയിലെ സിൽച്ചാങ്ങ് ഗ്രാമത്തി ലാണ് മച്ചാങ്ങ് ലാലൂങ്ങ് ജനിച്ചുവളർന്നത്. തിവാസ് എന്ന ഗോത്രവർഗ്ഗ ത്തിൽപ്പെട്ട ആളാണിദ്ദേഹം.

1951 ൽ, 23 വയസ്സുള്ളപ്പോഴാണ് മച്ചാങ്ങ് അറസ്റ്റ് ചെയ്യപ്പെട്ടത്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 326-ാം വകുപ്പനുസരിച്ച് ഇയാൾക്കെതിരെ ഒരു കേസെടുത്തു. എന്നാൽ ഈ കേസ് ഒരിക്കലും വിചാരണക്കു വന്നില്ല. ആരുമൊട്ടു ശ്രദ്ധിച്ചതുമില്ല. അങ്ങനെ അയാൾ വിചാരണ തടവുകാര നായി 54 കൊല്ലം ജയിലിൽ കിടന്നു.

ദേശീയമനുഷ്യാവകാശ കമ്മീഷന്റെ പ്രതിനിധിയായ ചമൻലാലാണ് തെസ്പൂരിലെ ജയിലിൽ മച്ചാങ്ങ് അടക്കം അഞ്ചുപേർ വിചാരണത്തടവു കാരായി കിടക്കുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്തത്. മനുഷ്യാവകാശ കമ്മീ ഷന്റെ നിർദ്ദേശപ്രകാരം കാമരൂപിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടായ എച്ച്.കെ. ശർമ്മ കഴിഞ്ഞ ജൂലായിയിൽ മച്ചാങ്ങിനെ ഒരു രൂപയുടെ ജാമ്യ ത്തിൽ വിട്ടയക്കാൻ കല്പനയായി.

ഈ കേസ് സുപ്രീംകോടതിയുടെ ശ്രദ്ധയിൽ പെട്ടതിനെത്തുടർന്ന് സുപ്രീംകോടതി സ്വയമേവ ഒരു കേസെടുക്കുകയും മച്ചാങ്ങിന് മൂന്നു ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ വിധിക്കുകയും ചെയ്തു. അതിന്നും പുറമെ മച്ചാങ്ങിന്ന് ആയുഷ്കാലം മാസത്തിൽ ആയിരം രൂപ വീതം പെൻഷൻ നൽകാനും കല്പിച്ചിട്ടുണ്ട്. മച്ചാങ്ങിന്നിപ്പോൾ വയസ്സ് 79 ആയി.

മച്ചാങ്ങിന്റെ കേസ് മനുഷ്യാവകാശകമ്മീഷൻ ഏറ്റെടുത്തതിനെത്തു ടർന്ന് ഗുവാഹതിയിലെ അനിഷ ശർമ്മ മച്ചാങ്ങിനെക്കുറിച്ച് ഒരു ഡോക്യു മെന്ററി തയ്യാറാക്കി. ഈ ഡോക്യുമെന്ററിക്ക് ബോസ്റ്റൺ ഇന്റർനാഷ ണൽ ഫിലിം ഫെസ്റ്റിവലിൽ അവാർഡും ലഭിച്ചു. 'സ്വതന്ത്ര്യം തുമ്പത്ത് ' എന്ന പേരിലുള്ള ഈ ഡോക്യുമെന്ററി ഗുവാഹതിയിൽ പ്രദർശിച്ചപ്പോൾ മച്ചാങ്ങിനേയും കൊണ്ടുവരികയുണ്ടായി. പക്ഷെ ഫിലിം കാണുന്നതി ന്നുപോലും താല്പര്യമില്ലാത്തവിധത്തിൽ അദ്ദേഹം നിർവ്വികാരനായി കഴി ഞ്ഞിരുന്നു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.